# മഹാത്മാഗാന്ധി സർവ്വകലാശാല

## 2026 ഏപ്രിൽ 30 വ്യാഴാഴ്ച്ച രാവിലെ 10.30-ന് സിൻഡിക്കേറ്റ് ഹാളിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ (26.04) നടപടിക്കുറിപ്പുകൾ

ഹാജരായ അംഗങ്ങൾ:

| | | |
|---|---|---|
| 1. | ഡോ. സി. ടി. അരവിന്ദകുമാർ | വൈസ് ചാൻസലർ (അദ്ധ്യക്ഷൻ) |
| 2. | ശ്രീ. ഹരികൃഷ്ണൻ പി | സിൻഡിക്കേറ്റംഗം |
| 3. | ഡോ. സുമേഷ് എ എസ് | സിൻഡിക്കേറ്റംഗം |
| 4. | ഡോ. ജോജി അലക്സ് | സിൻഡിക്കേറ്റംഗം |
| 5. | ഡോ. സുജ ടി വി | സിൻഡിക്കേറ്റംഗം |
| 6. | ശ്രീ. അരുൺ കെ ശശീന്ദ്രൻ | സിൻഡിക്കേറ്റംഗം |
| 7. | ഡോ. റോബിനെറ്റ് ജേക്കബ് | സിൻഡിക്കേറ്റംഗം |
| 8. | ഡോ. പ്രമോദ് ഗോപിനാഥ് | സിൻഡിക്കേറ്റംഗം |
| 9. | ഡോ. ആർ. വസന്തഗോപാൽ | സിൻഡിക്കേറ്റംഗം |
| 10. | ഡോ. ബിജു തോമസ് | സിൻഡിക്കേറ്റംഗം |
| 11. | ഡോ. ബാബു മൈക്കിൾ | സിൻഡിക്കേറ്റംഗം |
| 12. | ഡോ. സെനോ ജോസ് | സിൻഡിക്കേറ്റംഗം |
| 13. | അഡ്വ. പി. ബി. സതീഷ് കുമാർ | സിൻഡിക്കേറ്റംഗം |
| 14. | അഡ്വ. റജി സഖറിയ | സിൻഡിക്കേറ്റംഗം |
| 15. | ശ്രീ. ടോണി കുര്യാക്കോസ് | സിൻഡിക്കേറ്റംഗം |
| 16. | ശ്രീ. എം. എസ്. ബിജുക്കുട്ടൻ, അഡിഷണൽ സെക്രട്ടറി, ഹയർ എഡ്യൂക്കേഷൻ | സിൻഡിക്കേറ്റംഗം |
| 17. | ശ്രീ. ഉബൈദുള്ള എ സി, ജോയിന്റ് സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ് | സിൻഡിക്കേറ്റംഗം |

സിൻഡിക്കേറ്റ് അംഗമായ ഡോ. അജിമോൻ ജോർജ്ജ് ഓൺലൈനായി യോഗത്തിൽ പങ്കെടുത്തു.

രജിസ്ട്രാർ ഡോ. ബിസ്മി ഗോപാലകൃഷ്ണനും സന്നിഹിതയായിരുന്നു.

**അനുശോചന പ്രമേയം**

ഇന്ത്യൻ സംഗീതലോകത്തെ അതുല്യ ഗായിക ആശ ഭോസ്ലെയുടെ വിയോഗത്തിൽ ഈ സിൻഡിക്കേറ്റ് യോഗം അനുശോചനം രേഖപ്പെടുത്തുന്നു. 2000-ൽ ഇന്ത്യൻ സിനിമയിലെ പരമോന്നത ബഹുമതിയായ ദാദാ സാഹിബ് ഫാൽക്കെ പുരസ്കാരവും 2008-ൽ പത്മവിഭൂഷണം നൽകി രാഷ്ട്രം ആശ ഭോസ്ലെയെ ആദരിച്ചിരുന്നു.

തൃശ്ശൂർ മുണ്ടത്തിക്കോട് പടക്ക നിർമ്മാണശാലയിലുണ്ടായ സ്ഫോടനത്തിൽ മരണപ്പെട്ടവർക്ക് ഈ യോഗം അനുശോചനം രേഖപെടുത്തുന്നു.

വാൽപ്പാറയിലുണ്ടായ വാഹനാപകടത്തിൽ മലപ്പുറം പാങ്ങ് ജിഎൽപി സ്കൂളിലെ അഞ്ച് അദ്ധ്യാപകരുൾപ്പെടെ മരണമടഞ്ഞവർക്ക് ഈ യോഗത്തിന്റെ ആദരാഞ്ജലികൾ.

ഇന്ത്യൻ ഫോട്ടോ ജേണലിസത്തിലെ അതികായനും പത്മശ്രീ ജേതാവുമായ രഘു റായ്ക്ക് ആദരാഞ്ജലികൾ. യുറീക്കാ മാസികയുടെ സ്ഥാപക പത്രാധിപരും നോവലിസ്റ്റും ശാസ്ത്രസാഹിത്യകാരനും ബാലസാഹിത്യകാരനുമായിരുന്ന അന്തരിച്ച ഡോ. ടി ആർ ശങ്കുണ്ണിക്ക് യോഗത്തിന്റെ ആദരാഞ്ജലി. മലയാള സിനിമയിലെ പ്രമുഖ മേക്കപ്പ് ആർട്ടിസ്റ്റ് ആയിരുന്ന നവോദയ അമാൻ, പ്രശസ്ത പണ്ഡിതനും വർക്കല നാരായണ ഗുരുകുല മേധാവിയുമായ സ്വാമി മുനി നാരായണ പ്രസാദ്, ദ നേക്കഡ് ഏപ്പ് എന്ന പുസ്തകത്തിലൂടെ വിഖ്യാതനായ അന്തരിച്ച ബ്രിട്ടീഷ് ജന്തു ശാസ്ത്രജ്ഞൻ ഡെസ്മണ്ട് മോറിസ് എന്നിവരുടെ നിര്യാണത്തിലും സിൻഡിക്കേറ്റ് യോഗത്തിന്റെ അനുശോചനം രേഖപെടുത്തുന്നു. സർവ്വകലാശാല സിൻഡിക്കേറ്റ് യോഗത്തിന്റെ അനുശോചനം രേഖപ്പെടുത്തുന്നു.

**അനുമോദന പ്രമേയം**

ഫുൾ ബ്രൈറ്റ് ഫെലോഷിപ്പ് നേടിയ വൈസ് ചാൻസലർ പ്രൊഫ ഡോ. സി. റ്റി. അരവിന്ദകുമാറിന് ഈ സിൻഡിക്കേറ്റ് യോഗത്തിന്റെ അനുമോദനങ്ങൾ.

വാഴയിലെ തണ്ടുതുരപ്പൻ പുഴുവിനെ ഫലപ്രദമായി നേരിടാൻ കഴിയുന്ന ജൈവ കീടനാശിനി വികസിപ്പിച്ചെടുത്ത മഹാത്മാഗാന്ധി സർവകലാശാലയിലെ നാഷണൽ ഇൻസ്റ്റിറ്റിയൂട്ട് ഓഫ് പ്ലാന്റ് സയൻസ് ടെക്നോളജിയിലെ പ്രൊഫ. ഡോ. എം. എസ്. ജിഷ, ഗവേഷകരായ ഡോ. ഹെൽസീന ഇ. എച്ച്., ഡോ. അഞ്ജു കെ. അശോക് എന്നിവർക്ക് അനുമോദനങ്ങൾ.

ഏഷ്യൻ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ വെള്ളി മെഡൽ നേടിയ ആദ്യ ഇന്ത്യൻ താരമായ ആയുഷ് ഷെട്ടിക്ക് സിൻഡിക്കേറ്റ് യോഗത്തിന്റെ അനുമോദനങ്ങൾ. മേനോർക മാസ്റ്റേഴ്സ് റാപ്പിഡ് ചെസ്സ് ടൂർണമെന്റിൽ ജേതാവായ മലയാളി ഗ്രാൻഡ് മാസ്റ്റർ നിഹാൽ സരിന് യോഗത്തിന്റെ അഭിനന്ദനങ്ങൾ.

വനിതാ കാൻഡിഡേറ്റ്സ് ടൂർണമെന്റിൽ വിജയിയായ ആദ്യ വനിതയായ വൈശാലി രമേഷ് ബാബുവിന് ഈ യോഗത്തിന്റെ അഭിനന്ദനങ്ങൾ. 2026 ലെ ലോക വനിതാ ചെസ്സ് ചാമ്പ്യൻഷിപ്പിൽ നിലവിലെ ചാമ്പ്യനെ നേരിടുന്നതിനുള്ള എതിരാളിയെ കണ്ടെത്താനുള്ള ടൂർണമെന്റാണിത്.

ഭാരതീയ ഭാഷാ പരിഷത്തിന്റെ യുവ പുരസ്കാരം നേടിയ മലയാള എഴുത്തുകാരി ജിൻഷാ ഗംഗക്ക് ഈ യോഗത്തിന്റെ അനുമോദനങ്ങൾ.

**(I) (a) 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട്, ചാപ്റ്റർ III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട നടപടികൾ സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യുന്നവ:**

**ഇനംനമ്പർ 01/26.04/81644/DSW 2/2025**

**മഹാത്മാഗാന്ധി സർവ്വകലാശാല - ഡയറക്ടറേറ്റ് ഓഫ് സ്റ്റുഡന്റ്സ് വെൽഫെയർ - 2025-'26 വർഷത്തെ സ്റ്റുഡന്റ്സ് വെൽഫെയർ ഫണ്ട് (SWF) വിനിയോഗം - ഗുരുതര രോഗം ബാധിച്ച വിദ്യാർത്ഥികൾക്ക് മെഡിക്കൽ ധനസഹായം - അധികമായി ഒരു വിദ്യാർത്ഥിയെ കൂടി ഉൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിന് 22 402 63 - Students Welfare Fund എന്ന ബഡ്ജറ്റ് ശീർഷകത്തിൽ അധിക തുക അനുവദിക്കുന്നതിന് - മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അധ്യായം 3 വകുപ്പ് 10 (17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായതിനെ തുടർന്ന് പുറപ്പെടുവിച്ച സർവകലാശാല ഉത്തരവ് - സിന്റിക്കേറ്റിലേക്കു റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്-**

സർവകലാശാല മെഡിക്കൽ ഓഫീസറുടെ വിദഗ്ധ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഗുരുതര രോഗം ബാധിച്ച വിദ്യാർത്ഥികൾക്ക് (ഒരാൾക്ക് 50,000 രൂപ വീതം) 10 ഗുണഭോക്താക്കൾക്ക് സ്റ്റുഡന്റ്സ് വെൽഫെയർ ഫണ്ട് (SWF) വിനിയോഗിച്ച് മെഡിക്കൽ ധനസഹായം അനുവദിക്കുന്നതിന് 02.06.2025 തീയതിയിലെ നമ്പർ 5043/DSW/2025/എം.ജി.യു, സർവ്വകലാശാല ഉത്തരവിലെ Sl.No. 3. പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു.

ആയതിൻറെ അടിസ്ഥാനത്തിൽ ലഭിച്ച അപേക്ഷകളിൽനിന്നും സർവ്വകലാശാല മെഡിക്കൽ ഓഫീസർ പതിനൊന്ന് വിദ്യാർത്ഥികളെ ശിപാർശ ചെയ്യുകയുണ്ടായി. ഇതിൽ ധനസഹായത്തിനായി അപേക്ഷ സമർപ്പിച്ചിരുന്ന ശ്രീ. ഗോവിന്ദ് വി.ബി., ശ്രീ നാരായണ ആർട്സ് & സയൻസ് കോളേജ്, കെടാമംഗലം, ചികിത്സയിൽ കഴിയുന്നതിനിടെ 07.01.2026 ന് മരണപ്പെട്ടതിനാൽ, അദ്ദേഹത്തിന്റെ നിയമാനുസൃത അവകാശികൾക്കും ധനസഹായം അനുവദിക്കണമെന്ന് സർവ്വകലാശാല മെഡിക്കൽ ഓഫീസർ ശിപാർശ ചെയ്യുകയുണ്ടായി.

മെഡിക്കൽ ഓഫീസർ ശിപാർശ ചെയ്ത വിദ്യാർത്ഥികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Sl. No. | Name of the applicant | College |
|---|---|---|
| 1 | LIYA RINCY | D B PAMPA COLLE, PARUMALA |
| 2 | AMAL SHIBU | GOVERNMENT COLLEGE TRIPUNITHURA |

| | | |
|---|---|---|
| 3 | ASHIFA S | GOVERNMENT COLLEGE TRIPUNITHURA |
| 4 | ARSHA ANN PRADEEP | GOVERNMENT LAW COLLEGE, ERNAKULAM |
| 5 | BRISTIN P JANU | MAR ATHANASIOS COLLEGE FOR ADVANCED STUDIES |
| 6 | ALBIN JOY | MAR BASELIOS COLLEGE, ADIMALI |
| 7 | GOVIND V B | SREE NARAYANA ARTS AND SCIENCE COLLEGE, KEDAMANGALAM |
| 8 | ANANDHU K BINU | SREE VIDYADHI RAJA NSS COLLEGE, VAZHOOR |
| 9 | PARVATHI R | ST. THOMAS COLLEGE, KOZHENCHERRY |
| 10 | AMAL T S | SWAMY SASWATHIKANANDA COLLEGE, POOTHOTTA |
| 11 | JEMIYA K JOSE | BISHOP KURIALACHERRY COLLEGE FOR WOMEN, AMALAGIRI |

നിലവിലുള്ള ഉത്തരവ് പ്രകാരം 10 വിദ്യാർത്ഥികൾക്ക് മാത്രമായി ധനസഹായം നൽകുന്നതിനായി ₹5,00,000/- മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. എന്നാൽ ധനസഹായം ശിപാർശ ചെയ്യപ്പെട്ട വിദ്യാർത്ഥികളുടെ എണ്ണം 11 ആകുന്ന സാഹചര്യത്തിൽ 50,000/- (അൻപതിനായിരം രൂപ മാത്രം) അധികമായി ഉൾപ്പെടുത്തി ആകെ ₹5,50,000/- (അഞ്ച് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) ഇതിനായി നൽകേണ്ടതുണ്ട്.

ഈ സാഹചര്യത്തിൽ മെഡിക്കൽ ഓഫീസർ ശിപാർശ ചെയ്തിട്ടുള്ള 11 ഗുണഭോക്താക്കൾക്കും ധനസഹായം അനുവദിക്കുന്നതിന് അധികമായി ആവശ്യമായ ₹50,000/- (അൻപതിനായിരം രൂപ മാത്രം) 22 402 63 - Students Welfare Fund എന്ന ബഡ്ജറ്റ് ശീർഷകത്തിൽ നിന്ന് സിൻഡിക്കേറ്റ് അനുമതിയോടെ വിനിയോഗിക്കാമെന്ന് സർവ്വകലാശാല ധനകാര്യ വിഭാഗം ശിപാർശ ചെയ്തതിൻറെ അടിസ്ഥാനത്തിൽ ആയത് പരിഗണിച്ച്, സർവ്വകലാശാല മെഡിക്കൽ ഓഫീസർ ശിപാർശ ചെയ്ത ധനസഹായത്തിനായി അപേക്ഷ സമർപ്പിച്ചിരുന്ന ശ്രീ. ഗോവിന്ദ് വി.ബി., ശ്രീ നാരായണ ആർട്സ് & സയൻസ് കോളേജ്, കെടാമംഗലം, (ചികിത്സയിൽ കഴിയുന്നതിനിടെ 07.01.2026 -ന് മരണപ്പെട്ടതിനാൽ, അദ്ദേഹത്തിന്റെ നിയമാനുസൃത അവകാശികൾക്കും ധനസഹായം അനുവദിക്കുന്നതിന്) ഉൾപ്പെടെ മുകളിൽ പറഞ്ഞിരിക്കുന്ന പതിനൊന്ന് വിദ്യാർത്ഥികൾക്ക് ആകെ 50,000/- (അൻപതിനായിരം രൂപ മാത്രം) വീതം നൽകുന്നതിന് 22 402 63 - Students Welfare Fund എന്ന ബഡ്ജറ്റ് ശീർഷകത്തിൽ ₹50,000/- (അൻപതിനായിരം രൂപ മാത്രം) അധികമായി ഉൾപ്പെടുത്തി ആകെ ₹5,50,000/- (അഞ്ച് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) ആയി ഉയർത്തുന്നതിനും പ്രസ്തുത തുക മുകളിൽ പറഞ്ഞിരിക്കുന്ന പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള പതിനൊന്ന് പേർക്കും ആകെ 50,000/- (അൻപതിനായിരം രൂപ മാത്രം) വീതം 22 402 63 - Students Welfare Fund എന്ന ബഡ്ജറ്റ് ശീർഷകത്തിൽ നിന്നും വിതരണം ചെയ്യുന്നതിനും പ്രസ്തുത വിഷയം SWF മാനേജിങ് കമ്മിറ്റിയിൽ അന്തിമ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനും, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അധ്യായം III സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായിരിക്കുന്നു.

വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അധ്യായം III സെക്ഷൻ 10 (17) പ്രകാരം ഉത്തരവ് നൽകിയ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 17.03.2026-ലെ 2860/DSW/2026/എം.ജി.യു നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 02/26.04/23523/FO SECTION-ASSISTANT1/2026 2025-26 സാമ്പത്തിക വർഷത്തെ "22 402 61 a - University Union Activities" എന്ന ശീർഷകത്തിൽ അധിക തുക വകയിരുത്തൽ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചത് സംബന്ധിച്ച് -**

വൈസ് ചാൻസലർ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അധ്യായം III സെക്ഷൻ 10 (17) പ്രകാരം 2025-26 സാമ്പത്തിക വർഷത്തെ "22 402 61 a - University Union Activities" എന്ന ശീർഷകത്തിൽ ₹5,00,000/- (അഞ്ചു ലക്ഷം രൂപ മാത്രം) കൂടി അധികമായി വകയിരുത്തി അടങ്കൽ തുക ₹1,10,55,000/- (ഒരു കോടി പത്തു ലക്ഷത്തി അമ്പത്തി അയ്യായിരം രൂപ മാത്രം) ആയി വർദ്ധിപ്പിക്കുന്നതിന് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 26.03.2026-ലെ 3370/FO SECTION/2026/എം.ജി.യു നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 03/26.04/25673/ACA1 SO/2026** **അമലഗിരി, ബി. കെ. കോളേജ് – 2026–'27 അദ്ധ്യയന വർഷം പുതിയ എയ്ഡഡ് പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനായി നൽകിയ അപേക്ഷ – ബഹു. വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III വകുപ്പ് 10(17) പ്രകാരം കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും – സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച്:**

2026–27 അദ്ധ്യയന വർഷത്തിൽ അമലഗിരി ബി. കെ. കോളേജിൽ രണ്ട് എയ്ഡഡ് പ്രോഗ്രാമുകൾ ആരംഭിക്കുന്നതിലേക്കായി പരിശോധന സമിതി സമർപ്പിച്ച ശുപാർശ അംഗീകരിച്ചുകൊണ്ട് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 30.03.2026 തീയതിയിലെ 3498/AcA1/2026/എം.ജി.യു നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 04/26.04/25673/ACA1 SO/2026 (PART II)** **അമലഗിരി ബി. കെ. കോളേജിൽ രണ്ട് പുതിയ എയ്ഡഡ് പ്രോഗ്രാമുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് പരിശോധന സമിതിയെ നിയമിച്ചു കൊണ്ട് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10(17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച ഉത്തരവും സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച്.**

അമലഗിരി ബി. കെ. കോളേജിൽ 2026–27 അധ്യയന വർഷത്തിൽ രണ്ട് പുതിയ എയ്ഡഡ് പ്രോഗ്രാമുകൾ – 24 സീറ്റുകൾ വീതമുള്ള B.Sc. (Hons) Psychology , B.Sc. (Hons) Cyber Forensics – Network Security( Specialisation) – ആരംഭിക്കുന്നതിനായി പ്രിൻസിപ്പൽ ക്രമപ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

ടി അപേക്ഷ വൈസ് ചാൻസലർ പരിഗണിച്ച്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം അംഗീകരിക്കുകയും, Dr. Jogy Alex (Member, Syndicate), Dr. Chinchu Rani Vincent (Department of Psychology, K.E. College, Mannanam), Dr. Jobin P. Varghese (Department of Computer Applications, K.E. College, Mannanam) എന്നിവരെ ഉൾപ്പെടുത്തി പരിശോധന സമിതി രൂപീകരിക്കുകയും ചെയ്ത നടപടിയും തദനുസരണം പുറപ്പെടുവിച്ച 21.03.2026 തീയതിയിലെ 3097/ACA1/2026/MGU നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 05/26.04/20555/AC A8-3/2026** **ആലുവ യു സി കോളേജിലെ നാലാം സെമസ്റ്റർ BSM വിദ്യാർത്ഥിയായ അജ്മൽ ഷാ ഇഫ്തിക്കർ, നാലാം സെമസ്റ്റർ MA മലയാളം വിദ്യാർത്ഥിയായ ജയകൃഷ്ണൻ ആർ എന്നിവരെ അച്ചടക്ക നടപടികളുടെ ഭാഗമായി കോളേജിൽനിന്നും പുറത്താക്കിയ നടപടിക്കെതിരെ പ്രസ്തുത വിദ്യാർത്ഥികൾ സമർപ്പിച്ച പരാതി – BASG യുടെ ശിപാർശകൾ – മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അധ്യായം 3, വകുപ്പ് 10(17) പ്രകാരം, വൈസ് ചാൻസലർ അംഗീകരിച്ച നടപടി – സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് .**

ആലുവ യു സി കോളേജിലെ നാലാം സെമസ്റ്റർ BSM വിദ്യാർത്ഥിയായ അജ്മൽ ഷാ ഇഫ്തിക്കർ, നാലാം സെമസ്റ്റർ MA മലയാളം വിദ്യാർത്ഥിയായ ജയകൃഷ്ണൻ ആർ എന്നിവരെ അച്ചടക്ക നടപടികളുടെ ഭാഗമായി കോളേജിൽ നിന്നും പുറത്താക്കിയ നടപടിക്കെതിരെ പ്രസ്തുത വിദ്യാർത്ഥികൾ സമർപ്പിച്ച പരാതിയുമായി ബന്ധപ്പെട്ട് 27.03.2026–ന് നടന്ന ഹിയറിങ്ങിന്റെ താഴെ പറയുന്ന ശിപാർശകൾ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 06.04.2026 തീയതിയിലെ 3652/ACA8/2026/എം.ജി.യു നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

1. അവസാന സെമസ്റ്റർ വിദ്യാർത്ഥിയായ ജയകൃഷ്ണന് സർവകലാശാലാ ചട്ടങ്ങളനുസരിച്ചുള്ള ഹാജർ ഉള്ളപക്ഷം പരീക്ഷാ രജിസ്ട്രേഷൻ നൽകുകയും മറ്റൊരു പരീക്ഷാകേന്ദ്രം അനുവദിച്ചു നൽകുകയുംചെയ്യാവുന്നതാണ്.

2. അജ്മൽ ഷാ ഇഫ്തിക്കർ എന്ന വിദ്യാർത്ഥി, താല്പര്യപ്പെടുന്നപക്ഷം, ടിയാന് മറ്റൊരു കോളേജിലേക്ക് ട്രാൻസ്ഫർ അനുവദിക്കാവുന്നതാണ്. ഇതിനായി നിലവിലെ കോളേജിൽനിന്നും NOC-യും, മറ്റ് സർട്ടിഫിക്കറ്റുകളും ഹാജരാക്കണം എന്ന വ്യവസ്ഥയിൽ സർവകലാശാല ഇളവ് നൽകേണ്ടതാണ് . ഈ വിദ്യാർത്ഥിക്ക് TC നൽകി എന്ന വസ്തുത ഇക്കാര്യത്തിൽ പരിഗണിക്കേണ്ടതില്ല . ഈ വിദ്യാർത്ഥിക്ക് കോളേജ് ട്രാൻസ്ഫർ ലഭിക്കുന്നതിനായുള്ള എല്ലാ സഹകരണവും UC കോളേജിൻറെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ് .

**ഇനംനമ്പർ 06/26.04/146780/SC- ST CELL-1/2024 MGU - Administration - Construction of a dedicated building for FYUGP- Clearing of site - First & Final payment of ₹13,16,480/- Sri. Yoosaf K A, Kunnumpurathu House, Chilavu P O, Thodupuzha-orders issued under Chapter III Section 10(17) of Mahatma Gandhi University Act 1985- issuance of U.O No.3760/P&D3&SC/ST/2026/MGU dated 10.04.2026- reg**

In connection with the clearing of the site within the School of Distance Education, involving the relocation of the panel/generator room and associated electrical infrastructure for the construction of a dedicated building for FYUGP at the University Campus, the University Engineer has submitted the first and final bill for ₹13,16,480/- (Rupees Thirteen Lakh Sixteen Thousand Four Hundred and Eighty only) for the above work, which was completed by the contractor, Sri Yoosaf K. A., Kunnumpurathu House, Chilavu P.O., Thodupuzha.

The Vice-Chancellor, in exercise of the powers vested under Chapter III, Section 10(17) of the Mahatma Gandhi University Act 1985, has accorded sanction for the payment as detailed below

1.The payment of ₹13,16,480.00/- (Rupees Thirteen Lakh Sixteen Thousand Four Hundred and Eighty only) [Base Value: ₹11,15,661.00/- + GST @ 18% of BV: ₹2,00,819.00/-] to Sri. Yoosaf K A, Kunnumpurathu House, Chilavu P O, Thodupuzha, subject to the following deductions:

Income Tax @ 1% of BV : ₹11,157.00/-

KCWWF @ 1% of BV : ₹11,157.00/-
{(i) Amount of cess to the Board(KCWWF) - ₹11,045.00/-
(ii)Cost of collection charge to be remitted to FO'S account(1% of KCWWF)- ₹112.00/-}

GST @ 2% of BV : ₹ 22,313.00/-

On production of Statutory GST Invoice, the amount payable to the contractor is ₹12,71,853.00/- (Rupees Twelve Lakh Seventy One Thousand Eight Hundred and Fifty Three only).

2.Debit the expenditure to the Head of account : "25 101 16- Building and Infrastructure for New Schools - Phase I" provided in the budget estimates of 2026-27 financial year.

Accordingly, U.O No. 3760/P&D3&SC/ST/2026/MGU dated 10.04.2026 was issued in this regard.

The action of the Vice Chancellor by exercising powers under Chapter III Section 10(17) of the Mahatma Gandhi University Act 1985 and the issuance of U.O No. 3760/P&D3&SC/ST/2026/MGU dated 10.04.2026 was reported to the Syndicate.

**ഇനംനമ്പർ 07/26.04/117429/AD A4-3/2025 ഐ ടി സെൽ - ഹാർഡ്‌വെയർ ക്ലിനിക്ക് - താത്ക്കാലിക - കരാർ അടിസ്ഥാനത്തിൽ ഹാർഡ്‌വെയർ എഞ്ചിനീയർ തസ്തികയിലേക്കുള്ള വാക് ഇൻ ഇന്റർവ്യൂ-ന്റെ നടപടിക്രമം മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, ചാപ്റ്റർ III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ചത് - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

ഐ ടി സെല്ലിലെ ഹാർഡ്‌വെയർ ക്ലിനിക്കിൽ താത്ക്കാലിക - കരാർ അടിസ്ഥാനത്തിൽ ഹാർഡ്‌വെയർ എഞ്ചിനീയർ തസ്തികയിലേക്ക് നിയോഗം നടത്തുന്നതിനായി രൂപീകരിച്ച സെലക്ഷൻ കമ്മിറ്റിയുടെ നടപടിക്രമം മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 ചാപ്റ്റർ III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 13.03.2026 തീയതിയിലെ 2764/ADA4/2026/എം.ജി.യു. നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 08/26.04/112483/P&D 2-1/2025** **കൊച്ചി ആസ്റ്റർ മെഡിസിറ്റിയും മഹാത്മാഗാന്ധി സർവ്വകലാശാലയും തമ്മിൽ ഗവേഷണ സഹകരണത്തിനായി ഒരു ധാരണാപത്രം ഒപ്പ് വയ്ക്കുന്നതിന്, മഹാത്മാഗാന്ധി സർവകലാശാല ആക്റ്റ് 1985, അദ്ധ്യായം 3, സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ അനുമതി നൽകി സർവകലാശാല ഉത്തരവ് പുറപ്പെടുവിച്ചത് - സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

കൊച്ചി ആസ്റ്റർ മെഡിസിറ്റിയും മഹാത്മാഗാന്ധി സർവ്വകലാശാലയും തമ്മിൽ ഗവേഷണ സഹകരണത്തിനായി ധാരണാപത്രം ഒപ്പ് വയ്ക്കുന്നതിന് മഹാത്മാഗാന്ധി സർവകലാശാല ആക്റ്റ് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം അനുമതി നൽകി വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 10.04.2026 തീയതിയിലെ 3762/P&D 2/2026/MGU നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 09/26.04/32829/DSS SO/2025** **ഡയറക്ടറേറ്റ് ഓഫ് സ്റ്റുഡൻറ്സ് വെൽഫെയർ-** Utilisation of Student Welfare Fund 2025-2026 Action Taken Report - **07.04.2026 തീയതിയിലെ സ്റ്റുഡന്റ്സ് വെൽഫെയർ ഫണ്ട് മാനേജിങ് ബോഡി യോഗം അംഗീകരിച്ച 2025-2026 സാമ്പത്തിക വർഷത്തെ ഡയറക്ടറേറ്റ് ഓഫ് സ്റ്റുഡൻറ്സ് വെൽഫെയർ സ്റ്റുഡന്റ്സ് വെൽഫെയർ ഫണ്ട് (DSW SWF) വിനിയോഗിച്ച അഫിലിയേറ്റഡ് കോളേജുകളിലും മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ക്യാമ്പസ്സിലും നടത്തപ്പെട്ട വിദ്യാർഥിക്ഷേമ പ്രവർത്തനങ്ങളും, ആയതിനായി ചെലവഴിച്ച തുക സംബന്ധിച്ച വിനിയോഗത്തിന്റെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവകലാശാല ആക്റ്റ് 1985 അദ്ധ്യായം (III) സെക്ഷൻ 10 (17) പ്രകാരം അംഗീകരിച്ചത് - സിൻഡിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്:-**

2025-2026 സാമ്പത്തിക വർഷത്തെ ഡയറക്ടറേറ്റ് ഓഫ് സ്റ്റുഡന്റ്സ് വെൽഫെയർ സ്റ്റുഡന്റ്സ് വെൽഫെയർ ഫണ്ട് (DSW SWF) വിനിയോഗിച്ച അഫിലിയേറ്റഡ് കോളേജുകളിലും മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ക്യാമ്പസ്സിലും ഏപ്രിൽ 2025 മുതൽ മാർച്ച് 2026 വരെ നടത്തപ്പെട്ട വിദ്യാർഥിക്ഷേമ പ്രവർത്തനങ്ങളും, ആയതിനായി ചെലവഴിച്ച തുക സംബന്ധിച്ച വിനിയോഗത്തിന്റെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് അടങ്ങിയ നടപടിക്രമം 08.04.2026-ൽ വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവകലാശാല ആക്റ്റ്, 1985 അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 25.04.2026 തീയതിയിലെ 4126/DSW/2026/എം.ജി.യു നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 10/26.04/27098/DSW SO/2026** **07.04.2026 തീയതിയിലെ സ്റ്റുഡന്റ്സ് വെൽഫെയർ ഫണ്ട് മാനേജിങ് ബോഡി യോഗം അംഗീകരിച്ച 2026-2027 സാമ്പത്തിക വർഷത്തെ ഡയറക്ടറേറ്റ് ഓഫ് സ്റ്റുഡൻറ്സ് വെൽഫെയർ (SWF) സ്റ്റുഡന്റ്സ് വെൽഫെയർ ഫണ്ട് വിനിയോഗിച്ച അഫിലിയേറ്റഡ് കോളേജുകളിലും മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ക്യാമ്പസ്സിലും നടത്തുന്ന വിദ്യാർഥിക്ഷേമ പ്രവർത്തനങ്ങളും, ആയതിനായി ചെലവഴിക്കേണ്ട തുക സംബന്ധിച്ച ബഡ്ജറ്റ് പ്രൊപോസലും വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവകലാശാല ആക്റ്റ് 1985 അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം അംഗീകരിച്ച് ഉത്തരവായതിനെ തുടർന്നു പുറപ്പെടുവിച്ച സർവകലാശാല ഉത്തരവ് -സിന്റിക്കേറ്റിലേക്കു റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

2026-2027 വർഷത്തെ ഡയറക്ടറേറ്റ് ഓഫ് സ്റ്റുഡൻറ്സ് വെൽഫെയർ SWF (Student Welfare Fund) സ്റ്റുഡന്റ്സ് വെൽഫെയർ ഫണ്ട് വിനിയോഗിച്ച അഫിലിയേറ്റഡ് കോളേജുകളിലും മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി ക്യാമ്പസ്സിലും നടത്തുന്ന വിദ്യാർഥിക്ഷേമ പ്രവർത്തനങ്ങളും, ആയതിനായി ചെലവഴിക്കേണ്ട തുക സംബന്ധിച്ച ബഡ്ജറ്റ് പ്രൊപോസലും 07.04.2026 -ൽ വൈസ് ചാൻസലറുടെ ചേമ്പറിൽ വൈസ് ചാൻസലറുടെ അധ്യക്ഷതയിൽ കൂടിയ Student Welfare Fund മാനേജിങ് ബോഡി

യോഗം അംഗീകരിച്ചത്, 08.04.2026-ൽ വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട്, 1985 അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 20.04.2026 തീയതിയിലെ 3929/DSW/2026/എം.ജി.യു നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 11/26.04/33388/AC A5-2/2026**

**ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാംസ് (DASP) വിവിധ കോളേജുകളുമായി അക്കാഡമിക് പാർട്ണർഷിപ്പിലൂടെയും, സർവകലാശാലയിലെ വിവിധ പഠനവകുപ്പുകളുമായി സഹകരിച്ചു കൊണ്ടും പുതുതായി ആരംഭിക്കുന്ന പ്രോഗ്രാമുകളുടെ സിലബസ് - DASP അക്കാദമിക് കോർ കമ്മിറ്റിയുടെ ശിപാർശ-മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം 3, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ചത്- സിൻഡിക്കേറ്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത് സംബന്ധിച്ച്.**

31.03.2026 തീയതിയിൽ നടന്ന DASP അക്കാഡമിക് കോർ കമ്മിറ്റി യോഗത്തിൻറെ ശിപാർശ പ്രകാരം വിവിധ കോളേജുകളുമായി അക്കാഡമിക് പാർട്ണർഷിപ്പിലൂടെയും, സർവകലാശാലയിലെ വിവിധ പഠനവകുപ്പുകളുമായി സഹകരിച്ചു കൊണ്ടും DASPപുതുതായി ആരംഭിക്കുന്ന താഴെ പറയുന്ന പ്രോഗ്രാമുകളുടെ സിലബസുകൾ അംഗീകരിക്കുന്നതിനായി DASP ഡയറക്ടർ കത്ത് സമർപ്പിച്ചിരുന്നു.

1. Certificate Programme on AI and Marketing (സെന്റ് ജോർജസ് കോളേജ് അരുവിത്തുറയുമായി സഹകരിച്ചു കൊണ്ട്)

2. (i) Certificate in Artificial Intelligence and Machine Learning.

(ii) Management Skills Development Programme.

(iii) Certificate in Cyber Security and Ethical Hacking.

(iv) Professional Certificate in GST, Tax Planning and Practical Auditing.

(എന്നീ പ്രോഗ്രാമുകൾ MES T.O Abdulla Memorial College , Kunnukara - യുമായി സഹകരിച്ചു കൊണ്ട്)

3. Certificate in Plant Tissue Culture Technology (NIPST യുമായി സഹകരിച്ചു കൊണ്ട് )

4. Certificate in Food Preservation and Value Addition (School of Food Science and Technology യുമായി സഹകരിച്ചു കൊണ്ട് )

5. (i) Certificate Programme in Basics of Magnetic Resonance.

(ii) Post Graduate Certificate Programme in Advanced Magnetic Resonance.

(എന്നീ പ്രോഗ്രാമുകൾ School of Chemical Sciences മായി സഹകരിച്ചു കൊണ്ട്)

മേൽപ്പറഞ്ഞ പ്രോഗ്രാമുകളുടെ സിലബസുകൾ, മഹാത്മാഗാന്ധി സർവകലാശാലാ ആക്ട് 1985, അധ്യായം 3, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 22.04.2026 തീയതിയിലെ 4032/ACA5/2026/MGU നമ്പർ സർവകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അധ്യായം V, സെക്ഷൻ 40 (1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 12/26.04/27388/P&D 2-1/2026**

**മഹാത്മാഗാന്ധി സർവ്വകലാശാലയും Li Ka Shing School of Professional and Continuing Education, Hong Kong Metropolitan University, ഹോങ്കോംഗ്, ചൈനയും തമ്മിൽ അക്കാദമിക സഹകരണത്തിനായി, ധാരണാപത്രം ഒപ്പ് വയ്ക്കുന്നതിന്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, സെക്ഷൻ 10 (17) പ്രകാരം അനുമതി നൽകി വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ ഉത്തരവ് പുറപ്പെടുവിച്ചത് - സിൻഡിക്കറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

മഹാത്മാഗാന്ധി സർവ്വകലാശാലയും Li Ka Shing School of Professional and Continuing Education, Hong Kong Metropolitan University, ഹോങ്കോംഗ്, ചൈനയും തമ്മിൽ അക്കാദമിക സഹകരണത്തിനായി ധാരണാപത്രം ഒപ്പു വയ്ക്കുന്നതിന് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം അനുമതി നൽകി വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 21.04.2026 തീയതിയിലെ 3992/P&D 2/2026/MGU നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 13/26.04/92942/DASP-2/2023**

**ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട് ടെം പ്രോഗ്രാംസിൻറെ 07.04.2026 തീയതിയിൽ കൂടിയ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ ശിപാർശകൾ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായത് - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട് ടെം പ്രോഗ്രാംസിൻറെ 07.04.2026 തീയതിയിൽ കൂടിയ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ ശിപാർശകൾ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 18.04.2026 തീയതിയിലെ 3909/DASP/2026 /എം.ജി.യു നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 14/26.04/99022/AC A4-1/2025**

**B.Arch 2019 Regulations - Internal redo - ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ ആർക്കിടെക്ചർ, ചെയർമാൻ നൽകിയ ശിപാർശ - വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അധ്യായം III, സെക്ഷൻ 10 (17) പ്രകാരം അംഗീകരിച്ചത് - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്:-**

B.Arch 2019 Regulation Clause 14.2.1 പ്രകാരം കോഴ്സ് കാലാവധി പൂർത്തിയാക്കുകയും, External ൽ 45 % നേടുകയും ചെയ്തവർക്ക് ഇന്റേണൽ റീ ഡു ചെയ്യാം എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ പ്രസ്തുത ക്ലോസിൽ Internal redo ചെയ്യാൻ സാധിക്കുന്ന വിഷയങ്ങളിൽ, 2019 റെഗുലേഷൻസിലെ വിഷയങ്ങൾക്ക് പകരം 2011 റെഗുലേഷൻസിലെ വിഷയങ്ങൾ ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അതിനാൽ പ്രസ്തുത വിഷയം സംബന്ധിച്ച് ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ ആർക്കിടെക്ചർ-ന്റെ അഭിപ്രായം ആരായുകയുകയും, ചെയർമാൻ ശിപാർശ സമർപ്പിക്കുകയും ചെയ്തു.

B. Arch 2019 Regulations - Internal redo സംബന്ധിച്ച് ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ നൽകിയ ശിപാർശ അംഗീകരിക്കുന്നതിന് 16.02.2026 തീയതിൽ കൂടിയ Academic Council Standing Committee യോഗം ശിപാർശ ചെയ്തു. പ്രസ്തുത ശിപാർശ അക്കാദമിക് കൗൺസിലിന്റെ അധികാരം വിനിയോഗിച്ച് , മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ അംഗീകരിക്കുകയുണ്ടായി.

എന്നാൽ പ്രസ്തുത ശിപാർശയിലെ 2019 മുതൽ 2022 വരെ അഡ്മിഷൻ നേടിയ വിദ്യാർത്ഥികളുടെ Group I(b), Group I(c) വിഷയങ്ങളുടെ Internal redo സംബന്ധിച്ച് അവ്യക്തത നിലനിന്നതിനാൽ 13.03.2026-ലെ വൈസ് ചാൻസലറുടെ അനുമതി പ്രകാരം പ്രസ്തുത വിഷയം സംബന്ധിച്ച് ബോർഡ് ഓഫ് സ്റ്റഡീസ് ന്റെ വ്യക്തത തേടുകയും, ചെയർമാൻ നിർദേശങ്ങൾ സമർപ്പിക്കുകയും ചെയ്തു.

16.02.2026 തീയതിൽ കൂടിയ Academic Council Standing Committee യോഗം പ്രകാരം അംഗീകരിച്ച ശിപാർശയോടൊപ്പം ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ ആർക്കിടെക്ചർ, ചെയർമാൻ നൽകിയ വ്യക്തത കൂടി ഉൾപ്പെടുത്തുന്നതിന് 01.04.2026 തീയതിയിൽ വൈസ് ചാൻസലർ അംഗീകരിച്ചു ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 17.04.2026 തീയതിയിലെ 3834/ACA4/2026/MGU നമ്പർ സർവകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അധ്യായം V, സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 15/26.04/38077/AC A12-1/2023**

**School of Medical Education (CPAS)-ൽ നടത്തിവരുന്ന M.Sc.Medical Documentation പ്രോഗ്രാമ്മിന്റെ പേര് M.Sc. Health Information Management എന്നാക്കി പരിഷ്ക്കരിക്കുന്നതിനുള്ള ശിപാർശ - മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം അംഗീകരിച്ച വൈസ് ചാൻസലറുടെ നടപടിയും, തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും- സിൻഡിക്കേറ്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത് സംബന്ധിച്ച്:-**

School of Medical Education (CPAS)-ൽ നടത്തിവരുന്ന വിവിധ ബിരുദാനന്തര ബിരുദ പ്രോഗ്രാമ്മുകളുടെ സിലബസ് പരിഷ്കരണവുമായി ബന്ധപ്പെട്ട് M.Sc. Medical Documentation പ്രോഗ്രാമ്മിന്റെ പേര് M.Sc. Health Information Management എന്നാക്കി പരിഷ്ക്കരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രസ്തുത പ്രോഗ്രാമിന്റെ വിദഗ്ധ സമിതി കൺവീനർ ശിപാർശ നൽകിയിരുന്നു.

വൈസ് ചാൻസലറുടെ നിർദ്ദേശ പ്രകാരം ശിപാർശ മറ്റു വിദഗ്ധ സമിതി കൺവീനർമാരുടെ ശിപാർശകൾക്കൊപ്പം അക്കാദമിക് കൗൺസിലിന് മുൻപാകെ സമർപ്പിക്കുകയും സർവ്വകലാശാല ഉത്തരവ് നം: 2528/AC A 12/2026/MGU , തീയതി 10.03.2026 പുറപ്പെടുവിക്കുകയും ചെയ്തു . എന്നാൽ പ്രസ്തുത ഉത്തരവിൽ പ്രോഗ്രാമിന്റെ പേരിൽ വരുത്തിയ പരിഷ്കാരത്തെ കുറിച്ച് പരാമർശിച്ചിരുന്നില്ല.

ഈ സാഹചര്യം പരിഗണിച്ച് പ്രസ്തുത ശിപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സ്സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ, 10.04.2026 തീയതിയിൽ അംഗീകരിക്കുകയും സർവ്വകലാശാല ഉത്തരവ് നം: 3968/AC A 12/2026/MGU, തീയതി 21.04.2026 പുറപ്പെടുവിക്കുകയും ചെയ്തു.

മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച 21.04.2026 തീയതിയിലെ 3968/AC A 12/2026/MGU നമ്പർ സർവ്വകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം V സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 16/26.04/33399/AC A1-3/2026**

**സർവ്വകലാശാലയുടെ കീഴിലുള്ള ആർട്സ് & സയൻസ് കോളേജുകളിൽ നടത്തപ്പെടുന്നതായ ബിരുദ/ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് 2026-'27 അദ്ധ്യയന വർഷത്തേയ്ക്ക് മാർജിനൽ വർദ്ധനവ് അനുവദിച്ചുകൊണ്ട്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III വകുപ്പ് 10(17) പ്രകാരമുള്ള അധികാരം ഉപയോഗിച്ച് വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-**

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള വിവിധ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ നടത്തപ്പെടുന്നതായ ബിരുദ/ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് (നിയന്ത്രണ സമിതികൾ ഇല്ലാത്തവ) 2026-'27 അദ്ധ്യയന വർഷത്തേയ്ക്ക് നാമമാത്ര സീറ്റ് വർദ്ധനവ് (മാർജിനൽ വർദ്ധനവ്) വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ചുകൊണ്ട് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 22.04.2026 തീയതിയിലെ 4053/AcA1/2026/എം.ജി.യു നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 17/26.04/125058/AD A1-1/2025**

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം ലഭിച്ച ഭിന്നശേഷിക്കാരായ ജീവനക്കാരുടെ സേവനവ്യവസ്ഥകൾ - Civil Appeal 14915/2024 - ന്മേലുള്ള ബഹു. സുപ്രീം കോടതിയുടെ 23.05.2025 ലെ വിധിന്യായം - Con. Case (C) No. 1840/2025 - ന്മേലുള്ള ബഹു. ഹൈക്കോടതിയുടെ 10.04.2026 ലെ ഇടക്കാല ഉത്തരവ് - 21.04.2026 ന് കൂടിയ സർവകലാശാല സിൻഡിക്കേറ്റ് സ്റ്റാൻഡിങ് കമ്മിറ്റി - സ്റ്റാഫ് - യോഗ നടപടിക്രമം - മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അധ്യായം 3.10 (17) പ്രകാരം വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ കൈകൊണ്ട നടപടി - സർവകലാശാല സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

21.04.2026 ന് കൂടിയ സർവകലാശാല സിൻഡിക്കേറ്റ് സ്റ്റാൻഡിങ് കമ്മിറ്റി - സ്റ്റാഫ് - യോഗത്തിന്റെ മിനിറ്റ്സ് (എക്സ്ട്രാക്റ്റ്) ഇനം നമ്പർ 125058/ADA 1-1/2025 പ്രകാരം താഴെ പറയുന്നവ ശുപാർശ ചെയ്തു.

'CIVIL APPEAL No. 14915/2024-ൽ ബഹു സുപ്രീം കോടതി 23.05.2025-ൽ പുറപ്പെടുവിച്ച വിധിന്യായത്തിൻ്റെയും, Contempt Case (C) No. 1840/2025 മായി ബന്ധപ്പെട്ട ഇടക്കാല ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ സൂപ്പർന്യൂമററി തസ്തികയിൽ നിയമിക്കപ്പെട്ടവർക്ക് സർക്കാർ അനുമതിക്ക് വിധേയമായി അർഹമായ പ്രമോഷൻ നൽകിയിരുന്നു. Contempt Case (C) No. 1840/2025 മായി ബന്ധപ്പെട്ട് ബഹു കേരള ഹൈക്കോടതി 10.04.2026-ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിന്റെയും സ്റ്റാന്റിംഗ് കൗൺസിലിൻ്റെ നിയമോപദേശത്തിൻ്റെയും അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിന് ശുപാർശ ചെയ്യുന്നു.

- കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സൂപ്പർന്യൂമററി തസ്തികയിൽ നിയമിതരായ ജീവനക്കാരുടെ സീനിയോരിറ്റി കൂടി പരിഗണിച്ച് അപ്ഡേറ്റഡ് സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിന് രജിസ്ട്രാറെ ചുമതലപ്പെടുത്തുന്നതിനും

- നിലവിൽ ഒഴിവുള്ള 7 സെക്ഷൻ ഓഫീസർ തസ്തികയിലേക്ക് യൂണിവേഴ്സിറ്റി പ്രമോഷൻ കമ്മിറ്റി അംഗീകരിച്ച ലിസ്റ്റിൽ നിന്നുമുള്ള പ്രമോഷനുകൾ നൽകുന്നതിനും പിന്നീടുള്ള സ്ഥാനക്കയറ്റങ്ങൾ തുടർന്നുവരുന്ന ഒഴിവുകളിലേക്കും നൽകുന്നതിനും, അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ, സീനിയർ ഗ്രേഡ് അസിസ്റ്റന്റ് എന്നീ തസ്തികകളിലേക്കുള്ള പ്രമോഷൻ നടപടികൾ തുടരുന്നതിനും

- മേൽ പറഞ്ഞ പ്രമോഷനുകൾ Contempt Case (C) No. 1840/2025-ന്റെ അന്തിമ തീരുമാനത്തിന് വിധേയമായിരിക്കും.'

സിൻഡിക്കേറ്റ് സ്റ്റാൻഡിങ് കമ്മിറ്റി - സ്റ്റാഫ് യോഗം കൈക്കൊണ്ട മേൽ തീരുമാനം മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 21.04.2026 ലെ 4009/ADA 1/2026/എം.ജി.യു. നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 18/26.04/31919/ACA16-2/2026** **Bachelor of Arts (Honours) Music - Vocal - രണ്ടാം സെമസ്റ്റർ - സിലബസിൽ പരിഷ്കരണങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള ശിപാർശ - മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10 (17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-**

കൺവീനർ, വിദഗ്ദ്ധ സമിതി, മ്യൂസിക് (UG & PG), Bachelor of Arts (Honours) Music - Vocal സിലബസ്സിൽ രണ്ടാം സെമസ്റ്ററിലെ MG2DSCMV0100 - Fundamentals of Indian Music - II, എന്ന കോഴ്സിന്റെ Course Content -ലെ CO Number mapping പരിഷ്ക്കരിക്കുന്നതിന് ശിപാർശകൾ നൽകിയിരുന്നു. പ്രസ്തുത ശിപാർശകൾ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17)പ്രകാരം വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 28.04.2026 തീയതിയിലെ 4188/ACA 16/2026/MGU നമ്പർ സർവകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അധ്യായം V, സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 19/26.04/28295/AC A12-3/2026** **MGU B.Voc. (Honours) Tourism Administration and Hospitality - സിലബസ് പരിഷ്കരിക്കുന്നതിനുള്ള ശിപാർശ - മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട്, 1985 അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം ബഹു: വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചതും സിൻഡിക്കേറ്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത് സംബന്ധിച്ച് :**

25.02.2026 തീയതിയിൽ Service Excellence and Hospitality വിദഗ്ദ്ധ സമിതിയുടെ കൺവീനർ, B.Voc. Tourism Administration and Hospitality പ്രോഗ്രാമിന്റെ 2, 3, 4, 5, 6 സെമസ്റ്ററുകളിലെ സിലബസിൽ FINANCIAL MANAGEMENT, TRAVEL GEOGRAPHY, DESTINATION PLANNING AND MANAGEMENT കോഴ്സുകളുടെ Mode of Assessment Assessment, TOURISM MARKETING & SALES, TOURISM ETHICS AND DESTINATION MANAGEMENT, TOURISM AND EVENT MARKETING, TERMINAL MANAGEMENT AND FOREX കോഴ്സുകളുടെ Course Code എന്നിവ പരിഷ്ക്കരിക്കുന്നതിന് ശിപാർശ ചെയ്തിരുന്നു. പ്രസ്തുത ശിപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ്ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 21.04.2026 തീയതിയിലെ 3961/AC A 12/2026/MGU നമ്പർ സർവകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അധ്യായം V, സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**(II) ക്രമ ഇനങ്ങൾ**

**(I) നടപ്പ് ഇനങ്ങൾ**

**ഇനംനമ്പർ 20/26.04/9466/AD A7-3/2020** **മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഇന്റർസ്കൂൾ സെന്ററായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് സയൻസ് ടെക്നോളജി (NIPST) 'സ്കൂൾ ഓഫ് പ്ലാന്റ് സയൻസ് ടെക്നോളജി' ആയി പരിവർത്തനം ചെയ്യണമെന്ന NIPST കോഓർഡിനേറ്ററുടെ അപേക്ഷ സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് - സംബന്ധിച്ച്**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഇന്റർസ്കൂൾ സെന്ററായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് സയൻസ് ടെക്നോളജി (NIPST) 'സ്കൂൾ ഓഫ് പ്ലാന്റ് സയൻസ് ടെക്നോളജി' ആയി പരിവർത്തനം ചെയ്യണമെന്ന NIPST കോഓർഡിനേറ്ററുടെ അപേക്ഷ സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റംഗങ്ങളായ പ്രൊഫ. (ഡോ) സെനോ ജോസ്, ശ്രീ അരുൺ കെ. ശശീന്ദ്രൻ എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 21/26.04/138452/EH 7-1/2024** **അങ്കമാലി, ഡീപോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് & ടെക്നോളജി - 2024 അഡ്മിഷൻ - എം.കോം ഫിനാൻസ് ആന്റ് ടാക്സേഷൻ (SF) പ്രോഗ്രാമിൽ Paul George എന്ന വിദ്യാർത്ഥിക്ക് റെഗുലേഷന് വിരുദ്ധമായി പ്രവേശനം അനുവദിച്ചത് - കോളേജിനുള്ള പിഴ ഒഴിവാക്കി നൽകുന്നതിലേക്കായി പ്രിൻസിപ്പാൾ സമർപ്പിച്ച അപേക്ഷ - സംബന്ധിച്ച്:-**

അങ്കമാലി, ഡീപോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് & ടെക്നോളജിയിലെ 2024 അഡ്മിഷൻ എംകോം ഫിനാൻസ് ആന്റ് ടാക്സേഷൻ (SF) പ്രോഗ്രാമിലെ Paul Goerge എന്ന വിദ്യാർത്ഥിയ്ക്ക് റെഗുലേഷന് വിരുദ്ധമായി പ്രവേശനം അനുവദിച്ചത് സംബന്ധിച്ച് കോളേജിന് ഈടാക്കുന്നതിന് തീരുമാനിച്ചിരുന്ന പിഴത്തുക, വിദ്യാർത്ഥി കോഴ്സ് discontinue ചെയ്ത സാഹചര്യത്തിൽ 15000/- രൂപയിൽ നിന്നും 7500/- രൂപയായി ഇളവ് ചെയ്യുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 22/26.04/12883/AD B7-1/2026** **ഗ്രാജ്വേറ്റ് സ്കൂൾ വിദ്യാർത്ഥികൾക്ക് സർവ്വകലാശാല ഹോസ്റ്റൽ സൗകര്യം ലഭ്യമാക്കുന്നത് സംബന്ധിച്ച് അന്വേഷണ കമ്മീഷൻ സമർപ്പിച്ച 07.02.2026 തീയതിയിലെ റിപ്പോർട്ട്-സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നത് സംബന്ധിച്ച്.**

ഗ്രാജ്വേറ്റ് സ്കൂൾ വിദ്യാർത്ഥികൾക്ക് സർവ്വകലാശാല ഹോസ്റ്റൽ സൗകര്യം ലഭ്യമാക്കുന്നത് സംബന്ധിച്ച് രൂപീകൃതമായ അന്വേഷണ കമ്മീഷൻ സമർപ്പിച്ച 07.02.2026 തീയതിയിലെ റിപ്പോർട്ട് അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 23/26.04/15063/AC A16-1/2026** **National Commission for Allied and Healthcare Professions (NCAHP) നിർദ്ദേശപ്രകാരം സർവ്വകലാശാലയുടെ അഫിലിയേറ്റഡ് സ്ഥാപനങ്ങളിൽ നടന്നുവരുന്ന B.Sc. (Hons) Clinical Nutrition and Dietetics പ്രോഗ്രാമിന്റെ പാഠ്യപദ്ധതി പരിഷ്ക്കരിച്ച് 2026-2027 അദ്ധ്യയനവർഷം മുതൽ നടപ്പിൽവരുത്തുന്നത് - സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച്:-**

NCAHP-യുടെ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയ പ്രോഗ്രാം Bachelor in Nutrition and Dietetics with Honours എന്നും MGU-UGP (Hons) പ്രകാരമുള്ള പ്രോഗ്രാം B.Sc. (Hons.) Clinical Nutrition and Dietetics എന്നതും ആയതിനാൽ Nomenclature വ്യത്യാസമുള്ളതിനാലും സർവ്വകലാശാലയുടെ പ്രോഗ്രാം മെഡിക്കൽ കോഴ്സുകളുടെ പരിധിയിൽ വരാത്തതിനാലും പ്രോഗ്രാമിന്റെ പാഠ്യപദ്ധതി പരിഷ്ക്കരിക്കുന്നതിനുള്ള അപേക്ഷ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

**ഇനംനമ്പർ 24/26.04/9914/AC A1-2/2026** **സ്കൂൾ ഓഫ് പോളിമർ സയൻസ് ആൻഡ് ടെക്നോളജി നടത്തുന്ന എം.എസ് സി. ഇൻഡസ്ട്രിയൽ പോളിമർ സയൻസ് ആൻഡ് ടെക്നോളജി കോഴ്സിന്റെ എണ്ണം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്:-**

സ്കൂൾ ഓഫ് പോളിമർ സയൻസ് ആൻഡ് ടെക്നോളജി നടത്തുന്ന എം എസ് സി ഇൻഡസ്ട്രിയൽ പോളിമർ സയൻസ് ആൻഡ് ടെക്നോളജി കോഴ്സിന്റെ സീറ്റ് എണ്ണം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റംഗങ്ങളായ പ്രൊഫ. (ഡോ.) സെനോ ജോസ് ശ്രീ അരുൺ കെ. ശശീന്ദ്രൻ എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 25/26.04/112153/AC A8-3/2025** **എറണാകുളം സെന്റ് തെരേസാസ് (സ്വയംഭരണ) കോളേജിലെ എയ്ഡഡ് വിഭാഗം വിദ്യാർത്ഥികളിൽ നിന്നും കോളേജ് മാനേജ്മെന്റ് അമിതമായി ഫീസ് ഈടാക്കുന്നു എന്ന് ആരോപിച്ചുകൊണ്ട് കോളേജിലെ നാലാം സെമസ്റ്റർ വിദ്യാർത്ഥിനികളുടെ പേരിൽ സർവകലാശാലയിൽ ലഭിച്ച പരാതി - സംബന്ധിച്ച്**

എറണാകുളം സെന്റ് തെരേസാസ് (സ്വയംഭരണ) കോളേജിലെ എയ്ഡഡ് വിഭാഗം വിദ്യാർത്ഥികളിൽ നിന്നും കോളേജ് മാനേജ്മെന്റ് അമിതമായി ഫീസ് ഈടാക്കുന്നു എന്ന് ആരോപിച്ചുകൊണ്ട് കോളേജിലെ നാലാം സെമസ്റ്റർ വിദ്യാർത്ഥികളുടെ പേരിൽ സർവ്വകലാശാലയിൽ ലഭിച്ച പരാതി സംബന്ധിച്ച് അന്വേഷിച്ച റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളായ പ്രൊഫ. (ഡോ.) ബിജു തോമസ്, ശ്രീ ടോണി കുര്യാക്കോസ് എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 26/26.04/120404/CDOE 3-1/2024** **സെന്റർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എഡ്യൂക്കേഷൻ - എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ ശിപാർശകൾ - സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് - സംബന്ധിച്ച്.**

സെന്റർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എഡ്യൂക്കേഷന്റെ 23.02.2026-ൽ നടന്ന എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ താഴെ പറയുന്ന ശിപാർശകൾ അംഗീകരിച്ച് നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

- To appoint a Course Coordinator on contract for Ability Enhancement Courses (AEC) offered by CDOE. The prescribed eligibility criteria for the post shall preferably be a Master's Degree and NET/PhD in any subject offered under AEC.
- To appoint a Course Coordinator on contract for the B. Com (Additional Elective - Co-operation) Programme. The programme will be offered in every January session starting from the January 2026 session, exclusively for B. Com graduates of Mahatma Gandhi University.
- To fix the rate of remuneration for the valuation of descriptive answers of the MA English programme at Rs.25/- per answer script, which commenced from the July 2024 session.
- To provide remuneration of Rs. 300/- per session to the Course Mentor/Course Coordinator attending the Live Interactive Session (LIS) after their office hours. The Course Mentor/Course Coordinator should strictly attend the concerned LIS session.
- To engage PhD scholars for the preparation of learning materials for CDOE, including video content. Honorarium may be provided for such engagements, provided that it does not interfere with the scholars' ongoing academic/ research work.
- To restore the contract period of Course Mentors and Course Coordinators of CDOE to three years, at par with the tenure prescribed for Technical Assistants, subject to satisfactory annual performance appraisal reports by the Director, CDOE.
- To appoint additional Course Mentors following the Mentor: Learner ratio of 1: 250 stipulated in the UGC regulation. Currently, only three mentors are available to meet the academic and administrative needs of approximately 1,400 students in the MBA Programme. Hence,

recommended to appoint two more course mentors, in addition to the already sanctioned four, for the MBA programme.

- To revise the Curriculum of MA Economics with specialisations that are globally relevant, in consultation with the Academic Core Committee members of the KN Raj School of Economics, before launch of the programme in online mode.

കൂടാതെ, 23.02.2026-ൽ നടന്ന എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ, ക്രമ നമ്പർ 8 ആയി രേഖപ്പെടുത്തിയിട്ടുള്ള ശിപാർശ പരിശോധിച്ച് ഒരാഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റംഗങ്ങളായ പ്രൊഫ. (ഡോ.) സുമേഷ് എ. എസ്., അഡ്വ. പി.ബി. സതീഷ് കുമാർ എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 27/26.04/23591/AC A16-1/2026** **2024 അഡ്മിഷൻ BCA (Hons) വിദ്യാർത്ഥിയായ Jeswin Joby-യ്ക്ക് രണ്ടാം സെമസ്റ്ററിൽ ഉണ്ടായിരുന്ന Course Registration റദ്ദ് ചെയ്ത് അതേ സെമസ്റ്ററിൽ റീ-അഡ്മിഷൻ നൽകിയ വിഷയത്തിൽ പിഴ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രിൻസിപ്പാൾ, എം.ഇ.എസ്. കോളേജ്, മാറമ്പള്ളി സമർപ്പിച്ച അപേക്ഷ - സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി - അക്കാദമിക് അഫയേഴ്സ്-ന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച്.**

2024 അഡ്മിഷൻ BCA (Hons) വിദ്യാർത്ഥിയായ Jeswin Joby-യ്ക്ക് രണ്ടാം സെമസ്റ്ററിൽ ഉണ്ടായിരുന്ന Course Registration റദ്ദ് ചെയ്ത് അതേ സെമസ്റ്ററിൽ റീ-അഡ്മിഷൻ നൽകിയ വിഷയത്തിൽ പിഴ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രിൻസിപ്പാൾ, എം.ഇ.എസ്. കോളേജ്, മാറമ്പള്ളി സമർപ്പിച്ച അപേക്ഷ നിരസിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 28/26.04/25872/AC B7-2/2026** **കോട്ടയം സിഎംഎസ് സ്വയംഭരണ കലാലയത്തിൽ പുതിയ എയ്ഡഡ് പ്രോഗ്രാമുകൾ അനുവദിക്കുന്നത് സംബന്ധിച്ച്**

കോട്ടയം സിഎംഎസ് സ്വയംഭരണ കോളേജിൽ 2026-27 അക്കാദമിക വർഷം മുതൽ എയ്ഡഡ് ധാരയിൽ ബിഎസ്സി (ഓണേഴ്സ്) സൈക്കോളജി (24സീറ്റ്), എംഎസ്സി ഡേറ്റാ അനലിറ്റിക്സ് (12 സീറ്റ്) എന്നീ രണ്ടു പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷയിന്മേൽ അഡ്വ. റെജി സക്കറിയ (സിൻഡിക്കേറ്റ് അംഗം), ചിഞ്ചു റാണി, അസിസ്റ്റന്റ് പ്രൊഫസർ, കെ ഇ കോളേജ് മാന്നാനം, ഡോ. സ്മിത എസ്, അസ്സോസിയേറ്റ് പ്രൊഫസർ, കെ ഇ കോളേജ് മാന്നാനം എന്നിവരെ പരിശോധനാ സമിതിയായി നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 29/26.04/126562/AC B7-2/2025** **എറണാകുളം സെന്റ് തെരേസാസ് സ്വയംഭരണ കലാലയത്തിലെ സ്വാശ്രയ പ്രോഗ്രാമിന് അധിക ബാച്ച് അനുവദിക്കുന്നത് - സംബന്ധിച്ച്**

എറണാകുളം, സെന്റ് തെരേസാസ് സ്വയംഭരണ കലാലയത്തിൽ 2026-27 അക്കാദമിക വർഷം മുതൽ സ്വാശ്രയ ധാരയിൽ BCA (Cloud Technology and Information Security Management) പ്രോഗ്രാമിന്റെ ഒരു അധിക ബാച്ച് (24 സീറ്റ്) ആരംഭിക്കുന്നതിനുള്ള അപേക്ഷയിന്മേൽ ഡോ. സുജ ടി വി (സിൻഡിക്കേറ്റ് അംഗം), ശ്രീ. രതീഷ് പി ബി (സിൻഡിക്കേറ്റ് അംഗം), ഡോ. ലീന സി ശേഖർ, അസ്സോസിയേറ്റ് പ്രൊഫസർ, MES Marampally എന്നിവരെ പരിശോധനാ സമിതിയായി നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 30/26.04/793/AC A7-1/2026** **അൺ എയ്ഡഡ്/സ്വാശ്രയ കോളേജുകൾ - ജവാഹർലാൽ നെഹ്റു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർട്സ് ആൻഡ് സയൻസ്, ബാലഗ്രാം - പ്രോഗ്രാം 2026 - 27 അദ്ധ്യയനവർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് സമർപ്പിച്ച അപേക്ഷ സംബന്ധിച്ച് .**

ബാലഗ്രാം, ജവാഹർലാൽ നെഹ്റു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർട്സ് ആൻഡ് സയൻസ് സമർപ്പിച്ചിരിക്കുന്ന അപേക്ഷ പരിഗണിച്ച് ടി കോളേജിലെ M.Sc Computer Science (Data Analytics) (12 Seat) പ്രോഗ്രാം 2026-27 അദ്ധ്യയന വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 31/26.04/9898/AC A7-1/2026** | **IHRD കോളേജുകൾ വിവിധ കോഴ്സുകൾ 2025 -'26 അധ്യയനവർഷം താത്കാലികമായി നിർത്തലാക്കുന്നതിനും 2026-'27 അധ്യയനവർഷം പുനരാരംഭിക്കുന്നതിനുമായി സമർപ്പിച്ച അപേക്ഷകൾ സംബന്ധിച്ച് -** |

IHRD കോളേജുകൾ വിവിധ കോഴ്സുകൾ, 2025-'26 അധ്യയന വർഷം താത്കാലികമായി നിർത്തലാക്കുന്നതിനും 2026-'27 അധ്യയന വർഷം പുനരാരംഭിക്കുന്നതിനുമായി സമർപ്പിച്ചിരിക്കുന്ന അപേക്ഷ പരിഗണിച്ച് ചുവടെ ചേർത്തിരിക്കും പ്രകാരം കോളേജുകളിലെ വിവിധ കോഴ്സുകൾ 2025 -'26 അധ്യയനവർഷം താത്കാലികമായി നിർത്തലാക്കുന്നതിനും 2026-'27 അധ്യയനവർഷം പുനരാരംഭിക്കുന്നതിനും തീരുമാനിച്ചു.

| Sl. No. | College | Course | Specialization | Seats |
|---|---|---|---|---|
| 1 | College of Applied Sciences, Kaduthuruthy, Njeezhoor P.O | BSc (Hons) Computer Science(SF) | Data Science and Analytics & Web and Mobile Technologies | 40 |
| 2 | College of Applied Sciences, Kaduthuruthy, Njeezhoor P.O | BSc (Hons) Psychology(SF) | Nil | 24 |
| 3 | College of Applied Sciences, Konni | M Sc Computer Science (Data Analytics) | | 12 |
| 4 | College of Applied Sciences, Thodupuzha | M Sc Computer Science | | 30 |
| 5 | College of Applied Sciences, Mallappally West | BSc (Hons) Computer Science(SF) | Data Science and Analytics & Web and Mobile Technologies | 40 |
| 6 | College of Applied Sciences, Nedumkandam | BCom (Hons) (SF) | Finance and Taxation & Logistics Management | 40 |
| 7 | College of Applied Sciences, Puthuppally | Bachelor in Business Administration (Honours) (SF) | Supply Chain Management | 40 |

| | |
|---|---|
| **ഇനംനമ്പർ 32/26.04/22334/AC A7-1/2026** | **അൺ എയ്ഡഡ്/സ്വാശ്രയ കോളേജുകൾ- Piramadom, Baselios Poulose Second College - പ്രോഗ്രാം താത്കാലികമായി നിർത്തലാക്കുന്നതിനും പുനരാരംഭിക്കുന്നതിനുമായി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്.** |

Piramadom, Baselios Poulose Second College കോളേജ് സമർപ്പിച്ചിരിക്കുന്ന അപേക്ഷ പരിഗണിച്ച് ടി കോളേജിലെ BSW (40 Seats) പ്രോഗ്രാം 2025-26 അധ്യയന വർഷം താത്കാലികമായി നിർത്തലാക്കി 2026-27 അധ്യയനവർഷം പുനരാരംഭിക്കുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 33/26.04/20755/AC A7-1/2026** | **അൺ എയ്ഡഡ്/സ്വാശ്രയ കോളേജുകൾ- തൃപ്പൂണിത്തുറ, ചിന്മയ കോളേജ് ഓഫ് ആർട്സ്, കോമേഴ്സ് ആൻഡ് സയൻസ് - M.Com Finance and Taxation (15 Seats) പ്രോഗ്രാം 2026-27 അദ്ധ്യയന വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്.** |

തൃപ്പൂണിത്തുറ, ചിന്മയ കോളേജ് ഓഫ് ആർട്സ്, കോമേഴ്സ് ആൻഡ് സയൻസ് സമർപ്പിച്ചിരിക്കുന്ന അപേക്ഷ പരിഗണിച്ച് ടി കോളേജിലെ M.Com Finance and Taxation (15 Seats) പ്രോഗ്രാം 2026-27 അദ്ധ്യയന വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 34/26.04/1653/AC A7-2/2026** | **Musaliar College of Arts & Science, Pathanamthitta എന്ന കോളേജിൽ നടന്നുവന്നിരുന്ന B.Com (Hons) Accounting and Co-operation (40 seat) എന്ന പ്രോഗ്രാം 2025-2026 അദ്ധ്യയന വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നത് - സംബന്ധിച്ച്** |

Musaliar College of Arts & Science, Pathanamthitta സമർപ്പിച്ചിരിക്കുന്ന അപേക്ഷ പരിഗണിച്ച് ടി കോളേജിലെ B.Com (Hons) Accounting and Co-operation (40 seat) എന്ന പ്രോഗ്രാം 2026-27 അദ്ധ്യയന വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 35/26.04/21429/AC B7-2/2026** **കുറവിലങ്ങാട് ദേവമാതാ സ്വയംഭരണ കലാലയത്തിലെ വിവിധ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾ സ്ഥിരമായി നിർത്തലാക്കുന്നത്- സംബന്ധിച്ച്**

കുറവിലങ്ങാട്, ദേവമാതാ സ്വയംഭരണ കോളേജ് സമർപ്പിച്ചിരിക്കുന്ന അപേക്ഷ പരിഗണിച്ച് ടി കോളേജിലെ സ്വാശ്രയ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളായ എംഎസ്‌സി കെമിസ്ട്രി, എംഎസ്‌സി ബോട്ടണി, എംഎസ്‌സി സുവോളജി എന്നീ പ്രോഗ്രാമുകൾ 2026-27 അദ്ധ്യയന വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 36/26.04/123768/AC A7-3/2025** **സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിരിക്കുന്ന സ്വാശ്രയ /ആർട്സ് ആൻഡ് സയൻസ് കോളേജായ STAS CHUTTIPPARA, PATHANAMTHITTA 2026-2027 അധ്യയന വർഷം മുതൽ വിവിധ പ്രോഗ്രാമുകൾ സ്ഥിരമായി നിർത്തലാക്കുന്നതിനായി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്-**

STAS CHUTTIPPARA, PATHANAMTHITTA സമർപ്പിച്ചിരിക്കുന്ന അപേക്ഷ പരിഗണിച്ച് ടി കോളേജിലെ MSc Artificial Intelligence(12), BSc (Hons) Computer Science(50), B.com (Hons) Finance and Taxation (40) എന്നീ പ്രോഗ്രാമുകൾ 2026-27 അദ്ധ്യയന വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 37/26.04/62906/AC A1-1/2025** **സെന്റ് ജോർജ്സ് കോളേജ്, അരുവിത്തുറ – സ്വാശ്രയ പ്രോഗ്രാമുകളുടെ താല്കാലിക അഫിലിയേഷൻ 2025-'26 അദ്ധ്യയന വർഷം പുതുക്കി നല്കുന്നത്-സംബന്ധിച്ച് :-**

സെന്റ് ജോർജ്സ് കോളേജ്, അരുവിത്തുറ സ്വാശ്രയ കോഴ്സുകളുടെ താല്കാലിക അഫിലിയേഷൻ 2025-26 അദ്ധ്യയന വർഷം പുതുക്കി നല്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ നിയമിതമായ പരിശോധനാ സമിതിയുടെ റിപ്പോർട്ട് അംഗീകരിക്കുന്നതിനും, റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും സർക്കാരിൽ നിന്നും ലഭിച്ച നിരാക്ഷേപ പത്രം പരിഗണിച്ചും ടി കോളേജിലെ ചുവടെ ചേർത്തിരിക്കുന്ന സ്വാശ്രയ പ്രോഗ്രാമുകളുടെ താല്കാലിക അഫിലിയേഷൻ 2025-26 അദ്ധ്യയന വർഷം പുതുക്കി നല്കുന്നതിന് തീരുമാനിച്ചു.

| Name of College | Govt.NOC | Programme - Specialization |
|---|---|---|
| St. George's College, Aruvithara | G.O(Ms)No..763/2025/HEDN Dated: 24/11/2025 | 1. B.Com (Hons) - Finance and Taxation<br>2. B.Com (Hons) - Finance and Taxation & Accounting<br>3. B.Com (Hons) - Co-Operation & Accounting<br>4. B.Com (Hons) - Finance and Taxation & Marketing<br>5. B.Com (Hons) - Financial Markets & Logistic Management<br>6. B.A(Hons) Journalism & Mass Communication<br>7. B.Sc (Hons) Food Science and Quality Control - Food Safety<br>8. Bachelor in Computer Application(Hons)- Artificial Intelligence and Machine Learning & Full Stack Development<br>9. B.Voc(Hons) Food Technology and Analysis<br>10. M.Com Finance and Taxation<br>11. M.Sc. Food Technology & Quality Assurance |

**ഇനംനമ്പർ 38/26.04/21017/AC B7-1/2026** **ചങ്ങനാശ്ശേരി S.B. സ്വയംഭരണ കോളേജിൽ 2026-27 അക്കാദമിക വർഷം മുതൽ രണ്ടു എയ്ഡഡ് പ്രോഗ്രാമുകൾ അനുവദിക്കുന്നത് സംബന്ധിച്ച്.**

ചങ്ങനാശ്ശേരി, S.B. സ്വയംഭരണ കോളേജിൽ 2026-27 അക്കാദമിക വർഷം മുതൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് ഡാറ്റ സയൻസ് (24സീറ്റ്), ബിഎ (ഓണേഴ്സ്) ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് പബ്ലിക് പോളിസി (40 സീറ്റ്) എന്നീ എയ്ഡഡ് പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷയിന്മേൽ ശ്രീ. ഹരികൃഷ്ണൻ പി (സിൻഡിക്കേറ്റ് അംഗം), ഡോ. രാജിമോൾ എ, അസ്സോസിയേറ്റ് പ്രൊഫസർ, മരിയൻ കോളേജ്, കുട്ടിക്കാനം, ഡോ. അമൽ പി പി, അസിസ്റ്റന്റ് പ്രൊഫസർ, School of International Relations and Politics, Mahatma Gandhi University എന്നിവരെ പരിശോധനാ സമിതിയായി നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 39/26.04/13400/AC A7 SO/2026** **അൺ എയ്ഡഡ്/സ്വാശ്രയ കോളേജായ YELDO MAR BASELIOS COLLEGE, KOTHAMANGALAM, ERNAKULAM പ്രോഗ്രാമുകൾ സ്ഥിരമായി നിർത്തലാക്കുന്നതിനു സമർപ്പിച്ച അപേക്ഷ–**

YELDO MAR BASELIOS COLLEGE, KOTHAMANGALAM, ERNAKULAM സമർപ്പിച്ചിരിക്കുന്ന അപേക്ഷ പരിഗണിച്ച് ടി കോളേജിലെ MSW (30), MA Graphics Design (24) എന്നീ പ്രോഗ്രാമുകൾ 2026-27 അദ്ധ്യയന വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 40/26.04/116974/AC A7-1/2025** **അൺ എയ്ഡഡ്/സ്വാശ്രയ കോളേജുകൾ – പായിപ്പാട്, അമൻ കോളേജ് ഓഫ് സയൻസ് ആൻഡ് ടെക്നോളജി – പ്രോഗ്രാം 2026 –'27 അദ്ധ്യയന വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്**

പായിപ്പാട്, അമൻ കോളേജ് ഓഫ് സയൻസ് ആൻഡ് ടെക്നോളജി സമർപ്പിച്ചിരിക്കുന്ന അപേക്ഷ പരിഗണിച്ച് ടി കോളേജിലെ M A English (20 Seats), M.Com Finance and Taxation (20 Seats), B.Com (Hons) E Commerce and Data Science (40 Seats) , BA (Hons) English (24 Seats) എന്നീ പ്രോഗ്രാമുകൾ 2026-27 അദ്ധ്യയന വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 41/26.04/122673/AC A7-1/2025** **അൺ എയ്ഡഡ്/സ്വാശ്രയ കോളേജുകൾ – പായിപ്പാട് , അമൻ കോളേജ് ഓഫ് സയൻസ് ആൻഡ് ടെക്നോളജി – പ്രോഗ്രാമുകൾ 2025-'26 അധ്യയനവർഷം സ്ഥിരമായി/താത്കാലികമായി നിർത്തലാക്കുന്നതിനും 2026-'27 അധ്യയനവർഷം പുനരാരംഭിക്കുന്നതിനുമായി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച് .**

പായിപ്പാട്, അമൻ കോളേജ് ഓഫ് സയൻസ് ആൻഡ് ടെക്നോളജി സമർപ്പിച്ചിരിക്കുന്ന അപേക്ഷ പരിഗണിച്ച് ടി കോളേജിലെ B.Com (Hons) Finance and Taxation (40 seats), BBA (40 seats) എന്നീ പ്രോഗ്രാമുകൾ 2025-'26 അധ്യയനവർഷം താത്കാലികമായി നിർത്തലാക്കി 2026-'27 അധ്യയനവർഷം പുനരാരംഭിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 42/26.04/10334/AC A7-1/2026** **അൺ എയ്ഡഡ്/സ്വാശ്രയ കോളേജുകൾ – Girideepam Institute of Advanced Learning,Vadavathoor – പ്രോഗ്രാം 2025-'26 അധ്യയന വർഷം താത്കാലികമായി നിർത്തലാക്കുന്നതിനും 2026-'27 അധ്യയന വർഷം പുനരാരംഭിക്കുന്നതിനുമായി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്.**

Girideepam Institute of Advanced Learning, Vadavathoor സമർപ്പിച്ചിരിക്കുന്ന അപേക്ഷ പരിഗണിച്ച് ടി കോളേജിലെ B.Com (Hons) Accounting പ്രോഗ്രാം 2025- '26 അധ്യയന വർഷം താത്കാലികമായി നിർത്തലാക്കി 2026-'27 അധ്യയനവർഷം പുനരാരംഭിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 43/26.04/20208/AC A7-2/2026** **MAR AUGUSTHINOSE COLLEGE RAMAPURAM എന്ന കോളേജിൽ നടന്നുവന്നിരുന്ന BA (Hons) English- Media Studies (60 seat), MA English (20 seat), MSc Computer Science (25 seat), MSc Electronics (30 seat) എന്നീ പ്രോഗ്രാമുകൾ 2026-2027 അധ്യയന വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നത് – സംബന്ധിച്ച്**

MAR AUGUSTHINOSE COLLEGE RAMAPURAM സമർപ്പിച്ചിരിക്കുന്ന അപേക്ഷ പരിഗണിച്ച് ടി കോളേജിലെ BA (Hons) English- Media Studies (60 seat), MA English (20 seat), MSc Computer Science (25 seat), MSc Electronics (30 seat) എന്നീ പ്രോഗ്രാമുകൾ 2025-2026 അദ്ധ്യയന വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 44/26.04/19526/AC A7-2/2026** | **Mount Royal College, Sooryanelli, Munnar എന്ന കോളേജിൽ നടന്നുവന്നിരുന്ന BSc. (Hons) Food Technology and Quality Assurance (24 Seats) എന്ന പ്രോഗ്രാം 2025-2026 അദ്ധ്യയന വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നത് – സംബന്ധിച്ച്** |

Mount Royal College, Sooryanelli, Munnar സമർപ്പിച്ചിരിക്കുന്ന അപേക്ഷ പരിഗണിച്ച് ടി കോളേജിലെ BSc. (Hons) Food Technology and Quality Assurance (24 Seats) എന്ന പ്രോഗ്രാം 2025-2026 അദ്ധ്യയന വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 45/26.04/15193/AC A7-2/2026** | **M.E.S. COLLEGE ERUMELY എന്ന കോളേജിൽ നടന്നുവന്നിരുന്ന BA (Hons) English- Film Studies and Media Studies (24 seat), B.Com. (Hons.) Accounting and Co-Operation (60 seat), B.Com. (Hons.) Co-Operation and Accounting (Addl batch 40 seat) എന്നീ പ്രോഗ്രാമുകൾ 2026-2027 അധ്യയന വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നത്- സംബന്ധിച്ച്** |

M.E.S. COLLEGE ERUMELY സമർപ്പിച്ചിരിക്കുന്ന അപേക്ഷ പരിഗണിച്ച് ടി കോളേജിലെ BA (Hons) English- Film Studies and Media Studies (24 seats), B.Com. (Hons.) Accounting and Co-Operation (60 seats), B.Com. (Hons.) Co-Operation and Accounting (Addl batch 40 seats) എന്നീ പ്രോഗ്രാമുകൾ 2026-2027 അധ്യയന വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 46/26.04/95406/AC A1-3/2025** | **CSI College for Legal Studies, Kanakkary, Kottayam – 2026-'27 അദ്ധ്യയന വർഷം മുതൽ 30 സീറ്റുകളോട് കൂടി LL.M (Criminal Law) പ്രോഗ്രാം പുതുതായി ആരംഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്.** |

CSI College for Legal Studies, Kanakkary, Kottayam 2026-'27 അദ്ധ്യയന വർഷം മുതൽ LL.M (Criminal Law) പ്രോഗ്രാം പുതുതായി ആരംഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ നിയമിതമായ പരിശോധനാ സമിതിയുടെ റിപ്പോർട്ട് അംഗീകരിക്കുന്നതിനും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി കോളേജിൽ 2026-'27 അദ്ധ്യയന വർഷം മുതൽ 15 സീറ്റുകളോട്ടുകൂടി LL.M (Criminal Law) പ്രോഗ്രാം ആരംഭിക്കുന്നതിനും തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 47/26.04/17241/AC B7-1/2026** | **മാറമ്പള്ളി എംഇഎസ് സ്വയംഭരണ കോളേജിലെ ബിവോക് പ്രോഗ്രാമുകളുടെ അനുവദിച്ച സീറ്റ് എണ്ണം കുറയ്ക്കുന്നത് സംബന്ധിച്ച് :-** |

മാറമ്പള്ളി, എംഇഎസ് സ്വയംഭരണ കോളേജിലെ ബിവോക് പ്രോഗ്രാമുകളുടെ അനുവദിച്ച സീറ്റുകളുടെ എണ്ണം കുറയ്ക്കുന്നതിനായി സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടി കോളേജിലെ ബിവോക്-ഇൻഡസ്ട്രിയൽ ഇൻസ്ട്രുമെന്റേഷൻ ആൻഡ് ഓട്ടോമേഷൻ, ബിവോക്-ഫാഷൻ ഡിസൈൻ ആൻഡ് മാനേജ്മന്റ്, ബിവോക് – അഡ്വാൻസ്ഡ് കോഴ്സ് ഇൻ മൾട്ടി സ്പോർട്സ് ആൻഡ് ഫിറ്റ്നസ് ട്രെയിനിങ് എന്നീ പ്രോഗ്രാമുകളുടെ നിലവിലെ സീറ്റുകളുടെ എണ്ണം 50 ൽ നിന്നും 30 ആയി കുറക്കുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 48/26.04/59182/AC A1-1/2025** | **ബസേലിയസ് കോളേജ്, കോട്ടയം – സ്വാശ്രയ പ്രോഗ്രാമുകളുടെ താല്ക്കാലിക അഫിലിയേഷൻ 2025-'26 അദ്ധ്യയന വർഷം പുതുക്കി നല്കുന്നത്-സംബന്ധിച്ച്:-** |

ബസേലിയസ് കോളേജ്, കോട്ടയം സ്വാശ്രയ കോഴ്സുകളുടെ താല്ക്കാലിക അഫിലിയേഷൻ 2025-26 അദ്ധ്യയന വർഷം പുതുക്കി നല്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ നിയമിതമായ പരിശോധനാ സമിതിയുടെ റിപ്പോർട്ട് അംഗീകരിക്കുന്നതിനും, റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും സർക്കാരിൽ നിന്നും ലഭിച്ച നിരാക്ഷേപ പത്രം പരിഗണിച്ചും ടി കോളേജിലെ ചുവടെ ചേർത്തിരിക്കുന്ന സ്വാശ്രയ പ്രോഗ്രാമുകളുടെ താല്ക്കാലിക അഫിലിയേഷൻ 2025-26 അദ്ധ്യയന വർഷം പുതുക്കി നല്കുന്നതിന് തീരുമാനിച്ചു.

| Name of College | Govt.NOC | Programme – Specialization |
|---|---|---|
| Baselius College, Kottayam | G.O(Ms)No.591/2025/HEDN Dated: 06/08/2025 | 1. B.Com (Hons) Finance and Taxation & Logistics Management.<br>2. M.Com Finance and Taxation |

**ഇനംനമ്പർ 49/26.04/120367/AC A1-1/2025** **സെന്റ് തോമസ് കോളേജ്, റാന്നി, സ്വാശ്രയ കോഴ്സുകളുടെ താല്ക്കാലിക അഫിലിയേഷൻ 2023-24, 2024-'25, 2025'-26 അദ്ധ്യയന വർഷങ്ങളിൽ പുതുക്കി നല്കുന്നത് - സംബന്ധിച്ച്**

സെന്റ് തോമസ് കോളേജ്, റാന്നി സ്വാശ്രയ കോഴ്സുകളുടെ താല്ക്കാലിക അഫിലിയേഷൻ 2023-24, 2024-'25, 2025'-26 അദ്ധ്യയന വർഷങ്ങളിൽ പുതുക്കി നല്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ നിയമിതമായ പരിശോധനാ സമിതികളുടെ റിപ്പോർട്ട് അംഗീകരിക്കുന്നതിനും, റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലും സർക്കാരിൽ നിന്നും ലഭിച്ച നിരാക്ഷേപ പത്രം പരിഗണിച്ചും ടി കോളേജിലെ ചുവടെ ചേർത്തിരിക്കുന്ന സ്വാശ്രയ പ്രോഗ്രാമുകളുടെ താല്ക്കാലിക അഫിലിയേഷൻ 2023-24, 2024-'25, 2025'-26 അദ്ധ്യയന വർഷം പുതുക്കി നല്കുന്നതിന് തീരുമാനിച്ചു.

| College | Govt.NOC | Programme - Academic Year 2023-24 | Programme - Specialization Academic Year 2024-25 | Programme - Specialization Academic Year 2025-26 |
|---|---|---|---|---|
| St. Thomas College, Ranni | G.O(Ms)No. 720/2025/HEDN Dated,24.10.2025 | 1. BTTM<br>2. MTTM | 1. BTTM(Hons)- Tourism and Travel Management<br>2. MTTM | 1. BTTM(Hons)- Tourism and Travel Management<br>2. MTTM |

**ഇനംനമ്പർ 50/26.04/79809/AC B7-2/2025** **കോതമംഗലം, മാർ അത്തനേഷ്യസ് സ്വയംഭരണ കോളേജിലെ രണ്ടു പ്രോഗ്രാമുകൾക്ക് 2026-27 അധ്യയന വർഷം മുതൽ സ്ഥിരം സീറ്റ് വർദ്ധനവ് അനുവദിക്കുന്നത് - സംബന്ധിച്ച്.**

കോതമംഗലം, മാർ അത്തനേഷ്യസ് സ്വയംഭരണ കോളേജിലെ രണ്ടു പ്രോഗ്രാമുകൾക്ക് 2026-27 അധ്യയന വർഷം മുതൽ സ്ഥിരം സീറ്റ് വർദ്ധനവ് അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ നിയമിതമായ പരിശോധനാ സമിതിയുടെ റിപ്പോർട്ട് അംഗീകരിക്കുന്നതിനും, റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി കോളേജിലെ ബികോം (ഓണേഴ്സ്) (40), ബിവോക് ബിസിനസ് അക്കൗണ്ടിംഗ് ആൻഡ് ടാക്സേഷൻ (ഓണേഴ്സ്)(30) എന്നീ പ്രോഗ്രാമുകൾക്ക് നിലവിലെ സീറ്റിൽ നിന്നും ഓരോ പ്രോഗ്രാമിനും പത്ത് (10) സീറ്റ് വീതം സ്ഥിരമായി വർദ്ധിപ്പിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 51/26.04/80345/AC B7-1/2025** **എസ്.ബി സ്വയംഭരണ കോളേജ്, ചങ്ങനാശ്ശേരി സ്വാശ്രയധാരയിലുള്ള ബികോം ഫിനാൻസ് ആൻഡ് ടാക്സേഷൻ പ്രോഗ്രാമിന്റെ സീറ്റ് എണ്ണം 50- ൽ നിന്നും 60-ലേക്ക് 2026-27 അക്കാദമിക വർഷം മുതൽ സ്ഥിരമായി വർധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട സിൻഡിക്കേറ്റ് പരിശോധനാ സമിതി റിപ്പോർട്ട് അംഗീകരിക്കുന്നത് സംബന്ധിച്ച്.**

എസ്.ബി സ്വയംഭരണ കോളേജ്, ചങ്ങനാശ്ശേരി സ്വാശ്രയധാരയിലുള്ള ബികോം ഫിനാൻസ് ആൻഡ് ടാക്സേഷൻ പ്രോഗ്രാമിന്റെ സീറ്റ് എണ്ണം 2026-27 അക്കാദമിക വർഷം മുതൽ സ്ഥിരമായി വർധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സമർപ്പിച്ച അപേക്ഷയിന്മേൽ നിയമിതമായ പരിശോധനാ സമിതിയുടെ റിപ്പോർട്ട് അംഗീകരിക്കുന്നതിനും, റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി കോളേജിലെ ബികോം ഫിനാൻസ് ആൻഡ് ടാക്സേഷൻ പ്രോഗ്രാമിന്റെ സീറ്റ് എണ്ണം 50-ൽ നിന്നും 60-ലേക്ക് 2026-'27 അക്കാദമിക വർഷം മുതൽ സ്ഥിരമായി വർധിപ്പിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 52/26.04/86008/AC A1-1/2025** **ദി കൊച്ചിൻ കോളേജ് , കൊച്ചി - 2026-'27 അദ്ധ്യയന വർഷത്തിൽ സ്വാശ്രയ പ്രോഗ്രാമുകളുടെ സ്ഥിരം സീറ്റ് വർദ്ധനവിനായി സമർപ്പിച്ച അപേക്ഷ - പരിശോധന സമതി റിപ്പോർട്ട് സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് - സംബന്ധിച്ച്.**

ദി കൊച്ചിൻ കോളേജ്, കൊച്ചി 2026-'27 അദ്ധ്യയന വർഷത്തിൽ സ്വാശ്രയ പ്രോഗ്രാമുകളുടെ സ്ഥിരം സീറ്റ് വർദ്ധനവിനായി സമർപ്പിച്ച അപേക്ഷയിന്മേൽ നിയമിതമായ പരിശോധനാ സമിതിയുടെ റിപ്പോർട്ട് അംഗീകരിക്കുന്നതിനും, റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി കോളേജിലെ ചുവടെ ചേർത്തിരിക്കുന്ന സ്വാശ്രയ പ്രോഗ്രാമുകളുടെ സീറ്റുകൾ 2026-'27 അക്കാദമിക വർഷം മുതൽ താഴെ പറയും പ്രകാരം സ്ഥിരമായി വർധിപ്പിക്കുന്നതിനും തീരുമാനിച്ചു.

| Programme | Specialisation | Seat Increse |
|---|---|---|
| BBA(Hons) | Human Resource Management & International Business | Permanent seat increase from 40 to 50 |

| Programme | Specialisation | Seat Increse |
|---|---|---|
| BCA(Hons) | Data Science | Permanent seat increase from 40 to 48 |
| B.Com (Hons) | Logistics Management & Marketing | Permanent seat increase from 40 to 50 |
| B.Com (Hons) | Finance and Taxation & Accounting | Permanent seat increase from 40 to 50 |

**ഇനംനമ്പർ 53/26.04/104243/AC B7-2/2025** **തൃക്കാക്കര, ഭാരത മാതാ സ്വയംഭരണ കോളേജിലെ രണ്ടു പ്രോഗ്രാമുകൾക്ക് 2026-27 അധ്യയന വർഷം മുതൽ സ്ഥിരം സീറ്റ് വർദ്ധനവിനു അനുമതി നൽകുന്നത് സംബന്ധിച്ച്.**

തൃക്കാക്കര, ഭാരത മാതാ സ്വയംഭരണ കോളേജിലെ ബിസിഎ (സ്വാശ്രയം) പ്രോഗ്രാമിന്റെ സ്ഥിരം സീറ്റ് വർദ്ധനവിനായി സമർപ്പിച്ച അപേക്ഷയിന്മേൽ നിയമിച്ച പരിശോധനാ സമിതിയുടെ റിപ്പോർട്ട് അംഗീകരിക്കുന്നതിനും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി കോളേജിലെ ബിസിഎ (സ്വാശ്രയം) (40) പ്രോഗ്രാമിന് 2026-27 അധ്യയന വർഷം മുതൽ 10 സീറ്റ് സ്ഥിരമായി വർദ്ധിപ്പിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 54/26.04/12552/AC A7-3/2026** **അൺ എയ്ഡഡ്/സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ- പെരുവന്താനം, സെൻറ് ആന്റണീസ് കോളേജ് - പ്രോഗ്രാമുകൾ- താത്കാലികമായി നിർത്തലാക്കി പുനരാരംഭിക്കുന്നതിനും, പ്രോഗ്രാം സ്ഥിരമായി നിർത്തലാക്കുന്നതിനും വേണ്ടി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്**

പെരുവന്താനം, സെൻറ് ആന്റണീസ് കോളേജ് സമർപ്പിച്ചിരിക്കുന്ന അപേക്ഷ പരിഗണിച്ച് ടി കോളേജിലെ B.Com (Hons) Co-Operation & Financial Markets (60 seats) എന്ന പ്രോഗ്രാം 2026-2027 അധ്യയന വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിനും BCom (Hons) Finance and Taxation & Accounting (Additional Batch) 2025-2026 അധ്യയന വർഷം താല്കാലികമായി നിർത്തലാക്കി 2026-2027 അധ്യയന വർഷം പുനരാരംഭിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 55/26.04/20996/AC B7-1/2026** **തിരുവല്ല മക്ഫാസ്റ്റ് സ്വാശ്രയ സ്വയംഭരണ കോളേജ് 2026-27 അക്കാദമിക വർഷത്തേക്ക് കോളേജിന്റേയും കോളേജിലെ വിവിധ സ്വാശ്രയ പ്രോഗ്രാമുകളുടെയും പ്രൊവിഷണൽ അഫിലിയേഷൻ പുതുക്കി നൽകുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ സിൻഡിക്കേറ്റ് പരിശോധനാ സമിതി റിപ്പോർട്ട് അംഗീകരിക്കുന്നത് സംബന്ധിച്ച്:-**

തിരുവല്ല മക്ഫാസ്റ്റ് സ്വാശ്രയ സ്വയംഭരണ കോളേജിന്റെയും കോളേജിലെ വിവിധ സ്വാശ്രയ പ്രോഗ്രാമുകളുടെയും താല്കാലിക അഫിലിയേഷൻ 2026-27 അക്കാദമിക വർഷത്തേക്ക് പുതുക്കി നൽകുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ നിയമിതമായ പരിശോധനാ സമിതിയുടെ റിപ്പോർട്ട് അംഗീകരിക്കുന്നതിനും, റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി കോളേജിന്റെയും ടി കോളേജിലെ ചുവടെ ചേർത്തിരിക്കുന്ന സ്വാശ്രയ പ്രോഗ്രാമുകളുടെയും പ്രൊവിഷണൽ അഫിലിയേഷൻ 2026-'27 അക്കാദമിക വർഷത്തിലേക്ക് പുതുക്കിനൽകുന്നതിനും തീരുമാനിച്ചു.

1. എം ബി എ (ബാച്ച് 2) - 120 സീറ്റ്
2. എം സി എ (ബാച്ച് 2) - 120 സീറ്റ്
3. എം എസ് സി ബയോടെക്നോളജി - 20 സീറ്റ്
4. എം എസ് സി ബയോ ഇൻഫോർമാറ്റിക്സ് -20 സീറ്റ്
5. എം എസ് സി ഫുഡ് ടെക്നോളജി &ക്വാളിറ്റി അഷ്വറൻസ് - 50 സീറ്റ്
6. എം എസ് ഡബ്ല്യു - 20 സീറ്റ്
7. ബി ബി എ (ഓണേഴ്സ് )- 40 സീറ്റ്
8. ബി സി എ (ഓണേഴ്സ്) - 60 സീറ്റ്
9. ബി കോം (ഓണേഴ്സ്) - 40 സീറ്റ്
10. ബി എസ് സി ഫുഡ് ടെക്നോളജി ആൻഡ് ക്വാളിറ്റി അഷ്വറൻസ് -24 സീറ്റ്

**ഇനംനമ്പർ 56/26.04/86365/AC B7-2/2025** **തൃക്കാക്കര, ഭാരതമാതാ സ്വയംഭരണ കോളേജിൽ 2026-27 അധ്യയന വർഷം മുതൽ സ്വാശ്രയ ധാരയിൽ വിവിധ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷ - സംബന്ധിച്ച്.**

തൃക്കാക്കര, ഭാരതമാതാ സ്വയംഭരണ കോളേജിൽ 2026-27 അക്കാദമിക വർഷം മുതൽ എംഎസ്‌സി ആക്ച്യൂറിയൽ സയൻസ് (12), ബിഎ ജേർണലിസം ആൻഡ് മാസ്സ് കമ്മ്യൂണിക്കേഷൻ (40) എന്നീ ഓണേഴ്സ് പ്രോഗ്രാമുകളും എംസിഎ (12) പ്രോഗ്രാമും സ്വാശ്രയ ധാരയിൽ ആരംഭിക്കുന്നതിനുള്ള അപേക്ഷയിന്മേൽ ശ്രീ. രതീഷ് പി ബി (സിൻഡിക്കേറ്റ് അംഗം), ഡോ. സുജ ടി വി (സിൻഡിക്കേറ്റ് അംഗം), ഡോ. ഷീബ വി ടി, അസ്സോസിയേറ്റ് പ്രൊഫസർ, NSS Hindu College, Changanassery, Bibu V N, Assistant Professor, St.Xavier's College, Vaikom, Dr.Leena C Shekhar, Associate Professor, MES College, Nedumkandam എന്നിവരെ പരിശോധനാ സമിതിയായി നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 57/26.04/97136/AC A1-3/2025** **പെരുമ്പാവൂർ, വെങ്ങോല, നാഷണൽ കോളേജ് ഫോർ ടീച്ചർ എഡ്യൂക്കേഷൻ - 2026-27 അദ്ധ്യയന വർഷം മുതൽ ബി.എഡ്. പ്രോഗ്രാമിന് അറബിക് ഐച്ഛിക വിഷയം ആരംഭിക്കുന്നത് സംബന്ധിച്ച്.**

പെരുമ്പാവൂർ, വെങ്ങോല, നാഷണൽ കോളേജ് ഫോർ ടീച്ചർ എഡ്യൂക്കേഷൻ 2026-27 അദ്ധ്യയന വർഷം മുതൽ ബി.എഡ്. പ്രോഗ്രാമിന് അറബിക് ഐച്ഛിക വിഷയം ആരംഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ നിയമിതമായ പരിശോധനാ സമിതിയുടെ റിപ്പോർട്ട് അംഗീകരിക്കുന്നതിനും, റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ Physical Science-10, Natural Science-6, Mathematics-5, Commerce-5, English-8, Social Science-8 എന്നിങ്ങനെ സീറ്റ് വിഭജനത്തിൽ മാറ്റം വരുത്തിക്കൊണ്ട് അറബിക് ഐച്ഛിക വിഷയത്തിന് 8 സീറ്റ് അനുവദിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 58/26.04/250020** **17.04.2026 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി - അഫിലിയേഷൻ-ന്റെ യോഗ നടപടിക്രമം**

**OA-2** **അൺ എയ്ഡഡ് സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ - 2026-2027 അദ്ധ്യയനവർഷം പുതിയ പ്രോഗ്രാമുകൾ/അധിക ബാച്ചുകൾ എന്നിവയ്ക്കായി സമർപ്പിച്ച അപേക്ഷകൾ സംബന്ധിച്ച്.**

St. Kuriakose College of Management and Science, Kuruppampady, Ernakulam, MES College Erumely, Propose P.O, Kottayam, PGM College Kangazha എന്നീ കോളേജുകൾ 2026-2027 അദ്ധ്യയനവർഷം മുതൽ പുതിയ പ്രോഗ്രാമുകൾ/അധിക ബാച്ചുകൾ എന്നിവയ്ക്കായി സമർപ്പിച്ച അപേക്ഷകളിന്മേൽ നിയമിതമായ പരിശോധനാ സമിതികളുടെ റിപ്പോർട്ടുകൾ അംഗീകരിക്കുന്നതിനും, റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്ന പട്ടിക പ്രകാരമുള്ള പ്രോഗ്രാമുകൾ/അധിക ബാച്ചുകൾ എന്നിവ സർക്കാരിന്റെ അനുമതിക്കു വിധേയമായും ടി പട്ടികയിലെ BCA, BBA പ്രോഗ്രാമുകൾ AICTE -യുടെ അംഗീകാരത്തിന് വിധേയമായും 2026-'27 അക്കാദമിക വർഷം മുതൽ അനുവദിക്കുന്നതിന് തീരുമാനിച്ചു.

| Sl. No. | Name of the College | Sl. No | Programs | Intake |
|---|---|---|---|---|
| 1 | St. Kuriakose College of Management and Science, Kuruppampady, Ernakulam | 1 | BA (Hons) Multimedia(New Program) | 40 |
| 2 | MES College Erumely, Propose P.O, Kottayam | 1 | BSC (Hons)Artificial Intelligence and Data Science (New Program) | 24 |
| 3 | PGM College Kangazha | 1 | BCA (Hons)Additional Batch | 40 |
| | | 2 | BBA (Hons) Additional Batch | 40 |

**ഇനംനമ്പർ 59/26.04/110202/AD A5-2/2025** **സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസിലെ റിസേർച്ച് സ്കോളറായ ശ്രീ ആശിഷ് ജോസഫ്, തന്റെ ഓപ്പൺ ഡിഫെൻസുമായി ബന്ധപ്പെട്ട് ഹാൾ വാടക ഇനത്തിൽ അമിത തുക ഈടാക്കിയെന്ന് ആരോപിച്ചുകൊണ്ട് സമർപ്പിച്ച പരാതി സംബന്ധിച്ച് :-**

പ്രസ്തുത വിഷയം സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡോ. ജോജി അലക്സ് (സിൻഡിക്കേറ്റ് അംഗം)-നെ നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 60/26.04/17897/AC A6-3/2026** **കളമശ്ശേരി സെന്റ് പോൾസ് കോളേജിലെ ബിരുദാനന്തര ബിരുദ കെമിസ്ട്രി (Self Financing) വിഭാഗത്തെ മഹാത്മാഗാന്ധി സർവകലാശാലയുടെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കാൻ നൽകിയിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്**

കളമശ്ശേരി സെന്റ് പോൾസ് കോളേജിലെ ബിരുദാനന്തര ബിരുദ കെമിസ്ട്രി (Self Financing) വിഭാഗത്തെ മഹാത്മാഗാന്ധി സർവകലാശാലയുടെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കുന്നതിനായി നൽകിയ അപേക്ഷ പരിഗണിച്ച് ടി കേന്ദ്രം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡോ. ജോജി അലക്സ് (സിൻഡിക്കേറ്റ് അംഗം), Dr. Simi Pushpan, Assistant Professor, Department of Chemistry, UC College Aluva (വിഷയ വിദഗ്ധ) എന്നിവരടങ്ങിയ പരിശോധനാ സമിതിയെ നിയോഗിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 61/26.04/20404/AC A6-3/2026** **കോതമംഗലം മാർ അത്തനേഷ്യസ് കോളേജിലെ ബിരുദാനന്തര ബിരുദ സുവോളജി (Self Financing) വിഭാഗത്തെ മഹാത്മാഗാന്ധി സർവകലാശാലയുടെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കാൻ നൽകിയിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്**

കോതമംഗലം മാർ അത്തനേഷ്യസ് കോളേജിലെ ബിരുദാനന്തര ബിരുദ സുവോളജി (Self Financing) വിഭാഗത്തെ മഹാത്മാഗാന്ധി സർവകലാശാലയുടെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കുന്നതിനായി നൽകിയ അപേക്ഷ പരിഗണിച്ച് ടി കേന്ദ്രം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡോ. ബാബു മൈക്കിൾ (സിൻഡിക്കേറ്റ് അംഗം), Dr. Mathew Thomas, Assistant Professor, Department of Zoology, St. Thomas College, Pala (വിഷയ വിദഗ്ധൻ) എന്നിവരടങ്ങിയ പരിശോധനാ സമിതിയെ നിയോഗിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 62/26.04/1741/AC A6-1/2026** **തലയോലപ്പറമ്പ്, ദേവസ്വം ബോർഡ് കോളേജിലെ മലയാളം വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr.Soumia Dasan അതേ കോളേജിലെ തന്നെ മലയാളം വിഭാഗം ഗവേഷണ കേന്ദ്രത്തിൽ മലയാളത്തിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്**

തലയോലപ്പറമ്പ്, ദേവസ്വം ബോർഡ് കോളേജിലെ മലയാളം വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr. Soumia Dasan-ന് ഇതേ കോളേജിലെ തന്നെ മലയാളം വിഭാഗം ഗവേഷണ കേന്ദ്രത്തിൽ മലയാളത്തിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 63/26.04/112056/AC A6-3/2025** **മാല്യങ്കര, എസ്.എൻ.എം കോളേജിലെ ബിരുദാനന്തര ബിരുദ മാത്തമാറ്റിക്സ് വിഭാഗത്തെ മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കാൻ നൽകിയിരിക്കുന്ന അപേക്ഷ - ഇൻസ്പെക്ഷൻ കമ്മീഷൻ റിപ്പോർട്ട് - സംബന്ധിച്ച്**

മാല്യങ്കര, എസ്.എൻ.എം കോളേജിലെ ബിരുദാനന്തര ബിരുദ മാത്തമാറ്റിക്സ് വിഭാഗത്തെ മഹാത്മാഗാന്ധി സർവകലാശാലയുടെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കുന്നതിനും ഇതേ കോളേജിലെ തന്നെ അസിസ്റ്റന്റ് പ്രൊഫസർമാരായ Dr. Sreejamol P.R, Dr. Neelima C. A എന്നിവരെ ഈ കേന്ദ്രത്തിൽ ഗവേഷണ മാർഗ്ഗദർശികളായി അംഗീകരിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 64/26.04/19599/AC A6-3/2026** **കാലടി ശ്രീ ശങ്കര കോളേജിലെ ബിരുദാനന്തര ബിരുദ ഫിസിക്സ് വിഭാഗത്തെ മഹാത്മാഗാന്ധി സർവകലാശാലയുടെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കാൻ നൽകിയിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്**

കാലടി ശ്രീ ശങ്കര കോളേജിലെ ബിരുദാനന്തര ബിരുദ ഫിസിക്സ് വിഭാഗത്തെ മഹാത്മാഗാന്ധി സർവകലാശാലയുടെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കുന്നതിനായി നൽകിയ അപേക്ഷ പരിഗണിച്ച് ടി കേന്ദ്രം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡോ. സുജ ടി വി (സിൻഡിക്കേറ്റ് അംഗം), Dr. Vinu T P, Associate Professor, NSS Hindu College, Changanassery (വിഷയ വിദഗ്ധൻ) എന്നിവരടങ്ങിയ പരിശോധനാ സമിതിയെ നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 65/26.04/20121/AC A6-1/2026** **മൂവാറ്റുപുഴ, നിർമല കോളേജിലെ മാത്തമാറ്റിക്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr.Tony Augustine തൊടുപുഴ, ന്യൂമാൻ കോളേജിലെ മാത്തമാറ്റിക്സ് വിഭാഗം ഗവേഷണ കേന്ദ്രത്തിൽ മാത്തമാറ്റിക്സിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്**

മൂവാറ്റുപുഴ, നിർമല കോളേജിലെ മാത്തമാറ്റിക്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr.Tony Augustine-ന് തൊടുപുഴ, ന്യൂമാൻ കോളേജിലെ മാത്തമാറ്റിക്സ് വിഭാഗം ഗവേഷണ കേന്ദ്രത്തിൽ മാത്തമാറ്റിക്സിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകാരം നൽകുന്നതിന് ശുപാർശ ചെയ്യുന്നു.

**ഇനംനമ്പർ 66/26.04/21861/AC A6-1/2026** **എറണാകുളം, ഗവൺമെന്റ് ലോ കോളേജിലെ അസിസ്റ്റന്റ് പ്രൊഫസറായ Dr.Priya R അതേ കോളേജിലെ തന്നെ നിയമ വിഭാഗം ഗവേഷണ കേന്ദ്രത്തിൽ നിയമത്തിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്**

എറണാകുളം, ഗവൺമെന്റ് ലോ കോളേജിലെ അസിസ്റ്റന്റ് പ്രൊഫസറായ Dr. Priya R-ന് ഇതേ കോളേജിലെ തന്നെ നിയമ വിഭാഗം ഗവേഷണ കേന്ദ്രത്തിൽ നിയമത്തിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 67/26.04/20700/AC A6-1/2026** **തിരുവല്ല, മാർ തോമാ കോളേജിലെ കെമിസ്ട്രി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr.Sharon Achamma Abraham അതേ കോളേജിലെ തന്നെ കെമിസ്ട്രി വിഭാഗം ഗവേഷണ കേന്ദ്രത്തിൽ കെമിസ്ട്രിയിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്**

തിരുവല്ല, മാർ തോമാ കോളേജിലെ കെമിസ്ട്രി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr. Sharon Achamma Abraham-ന് ഇതേ കോളേജിലെ തന്നെ കെമിസ്ട്രി വിഭാഗം ഗവേഷണ കേന്ദ്രത്തിൽ കെമിസ്ട്രിയിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 68/26.04/2102/AC A6-1/2026** **തലയോലപ്പറമ്പ്, ദേവസ്വം ബോർഡ് കോളേജിലെ മലയാളം വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr.Abdusammed K.T, അതേ കോളേജിലെ തന്നെ മലയാളം വിഭാഗം ഗവേഷണ കേന്ദ്രത്തിൽ മലയാളത്തിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്**

തലയോലപ്പറമ്പ്, ദേവസ്വം ബോർഡ് കോളേജിലെ മലയാളം വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr.Abdusammed K.T.- ക്ക് ഇതേ കോളേജിലെ തന്നെ മലയാളം വിഭാഗം ഗവേഷണ കേന്ദ്രത്തിൽ മലയാളത്തിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 69/26.04/17763/AC A6-1/2026** **ആലുവ, യൂണിയൻ ക്രിസ്ത്യൻ കോളേജിലെ ഇംഗ്ലീഷ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr.Akhila Narayanan അതേ കോളേജിലെ തന്നെ ഇംഗ്ലീഷ് വിഭാഗം ഗവേഷണ കേന്ദ്രത്തിൽ ഇംഗ്ലീഷിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്**

Dr. Akhila Narayanan സമർപ്പിച്ചിട്ടുള്ള പ്രസിദ്ധീകരണങ്ങളിൽ Elementary Education online, Albertian Review of Literature എന്നീ ജേർണലുകൾ വേണ്ടത്ര നിലവാരം പുലർത്താത്തതിനാൽ മറ്റ് പ്രസിദ്ധീകരണങ്ങൾ ഉണ്ടെങ്കിൽ അതും കൂടി ഉൾപ്പെടുത്തി അപേക്ഷ പുനഃസമർപ്പിക്കുവാൻ നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 70/26.04/20775/AC A10-1/2026** **പി എച്ച് ഡി പ്രോഗ്രാം - കൊമേഴ്സ് - 2025 അഡ്മിഷൻ - Joshua Johny - ഗവേഷണ മാർഗദർശി, ഗവേഷണ കേന്ദ്രം എന്നിവ മാറ്റി ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ - സംബന്ധിച്ച്**

കോട്ടയം, BCM കോളേജ് കേന്ദ്രമായി കൊമേഴ്സ് വിഷയത്തിൽ Dr. Jipin V Jimmy യുടെ മേൽ നോട്ടത്തിൽ ഗവേഷണം നടത്തുന്ന Sri. Joshua Johny (Reg. No. MGUPHD250719) യുടെ ഗവേഷണ മാർ ഗദർശിത്വം Dr. Binu Mathew Jacob, SB College, Changanassery യിലേക്കും ഗവേഷണകേന്ദ്രം SB College, Changanassery യിലേക്കും മാറ്റി അനുവദിച്ചു നൽകുന്നതിന് ശുപാർശ ചെയ്യുന്നു.

**ഇനംനമ്പർ 71/26.04/92/AC A6-1/2026** **കാലടി, ശ്രീ ശങ്കര കോളേജിലെ സംസ്കൃത വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr.Manju V.Kumar അതേ കോളേജിലെ തന്നെ സംസ്കൃത വിഭാഗം ഗവേഷണ കേന്ദ്രത്തിൽ സംസ്കൃതത്തിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്**

കാലടി, ശ്രീ ശങ്കര കോളേജിലെ സംസ്കൃത വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr. Manju V Kumar-ന് ഇതേ കോളേജിലെ തന്നെ സംസ്കൃത വിഭാഗം ഗവേഷണ കേന്ദ്രത്തിൽ സംസ്കൃതത്തിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 72/26.04/19704/AC A6-3/2026** **കോതമംഗലം മാർ അത്തനേഷ്യസ് കോളേജിലെ ബിരുദാനന്തര ബിരുദ ഇംഗ്ലീഷ് വിഭാഗത്തെ മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കാൻ നൽകിയ അപേക്ഷ സംബന്ധിച്ച്**

കോതമംഗലം മാർ അത്തനേഷ്യസ് കോളേജിലെ ബിരുദാനന്തര ബിരുദ ഇംഗ്ലീഷ് വിഭാഗത്തെ മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കുന്നതിനായി നൽകിയ അപേക്ഷ പരിഗണിച്ച് ടി കേന്ദ്രം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡോ. ജോജി അലക്സ് (സിൻഡിക്കേറ്റ് അംഗം), Prof. (Dr.) R. Anitha, Principal, DB College, Thalayolaparambu (വിഷയ വിദഗ്ദ്ധ) എന്നിവരടങ്ങിയ പരിശോധനാ സമിതിയെ നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 73/26.04/3209/AC A13-2/2020** **സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡെവലപ്മെന്റ് സ്റ്റഡീസ് കേന്ദ്രമായി എഡ്യൂക്കേഷൻ വിഷയത്തിൽ ഗവേഷണം നടത്തിയിരുന്ന ശ്രീ ഉദയകുമാർ സി കെ-യുടെ റദ്ദ് ചെയ്ത ഗവേഷണ രജിസ്ട്രേഷൻ പുനസ്ഥാപിച്ചു നൽകുന്നത് സംബന്ധിച്ച്.**

പ്രസ്തുത വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡോ. എ എസ് സുമേഷ് (സിൻഡിക്കേറ്റ് അംഗം)-നെ നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 74/26.04/22919/AC A6-1/2026** **തിരുവല്ല, മാർ തോമാ കോളേജിലെ സുവോളജി വിഭാഗം അസ്സോസിയേറ്റ് പ്രൊഫസറായ Dr.Sunitha A.Philip അതേ കോളേജിലെ തന്നെ സുവോളജി വിഭാഗം ഗവേഷണ കേന്ദ്രത്തിൽ സുവോളജിയിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്**

തിരുവല്ല, മാർ തോമാ കോളേജിലെ സുവോളജി വിഭാഗം അസ്സോസിയേറ്റ് പ്രൊഫസറായ Dr.Sunitha A.Philip-ന് ഇതേ കോളേജിലെ തന്നെ സുവോളജി വിഭാഗം ഗവേഷണ കേന്ദ്രത്തിൽ സുവോളജിയിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 75/26.04/79094/AC A6-1/2025** **കുട്ടിക്കാനം, മരിയൻ കോളേജിലെ കമ്പ്യൂട്ടർ ആപ്പ്ളിക്കേഷൻസ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr.Juby George അതേ കോളേജിലെ തന്നെ കമ്പ്യൂട്ടർ ആപ്പ്ളിക്കേഷൻ വിഭാഗം ഗവേഷണ കേന്ദ്രത്തിൽ കമ്പ്യൂട്ടർ സയൻസിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്**

കുട്ടിക്കാനം, മരിയൻ കോളേജിലെ കമ്പ്യൂട്ടർ ആപ്പ്ളിക്കേഷൻസ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr.Juby George-ന് ഇതേ കോളേജിലെ തന്നെ കമ്പ്യൂട്ടർ ആപ്പ്ളിക്കേഷൻ വിഭാഗം ഗവേഷണ കേന്ദ്രത്തിൽ കമ്പ്യൂട്ടർ സയൻസിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 76/26.04/26515/AC A6-1/2026** **ആലുവ, യൂണിയൻ ക്രിസ്ത്യൻ കോളേജിലെ മാത്തമാറ്റിക്സ് വിഭാഗം അസ്സോസിയേറ്റ് പ്രൊഫസറായ Dr.Anu Nuthan Joshua അതേ കോളേജിലെ തന്നെ മാത്തമാറ്റിക്സ് വിഭാഗം ഗവേഷണ കേന്ദ്രത്തിൽ മാത്തമാറ്റിക്സിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്**

ആലുവ, യൂണിയൻ ക്രിസ്ത്യൻ കോളേജിലെ മാത്തമാറ്റിക്സ് വിഭാഗം അസ്സോസിയേറ്റ് പ്രൊഫസറായ Dr.Anu Nuthan Joshua-ക്ക് ഇതേ കോളേജിലെ തന്നെ മാത്തമാറ്റിക്സ് വിഭാഗം ഗവേഷണ കേന്ദ്രത്തിൽ മാത്തമാറ്റിക്സിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 77/26.04/28643/AC A6-1/2026** **ചങ്ങനാശ്ശേരി, എസ്.ബി കോളേജിലെ ഇംഗ്ലീഷ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr.Nithin Varghese അതേ കോളേജിലെ തന്നെ ഇംഗ്ലീഷ് വിഭാഗം ഗവേഷണ കേന്ദ്രത്തിൽ ഇംഗ്ലീഷിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്**

ചങ്ങനാശ്ശേരി, എസ്.ബി കോളേജിലെ ഇംഗ്ലീഷ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr.Nithin Varghese-ന് ഇതേ കോളേജിലെ തന്നെ ഇംഗ്ലീഷ് വിഭാഗം ഗവേഷണ കേന്ദ്രത്തിൽ ഇംഗ്ലീഷിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 78/26.04/28436/AC A6-3/2026** **ചങ്ങനാശേരി അസംപ്ഷൻ കോളേജിലെ ബിരുദാനന്തര ബിരുദ കമ്പ്യൂട്ടർ സയൻസ് വിഭാഗത്തെ മഹാത്മാഗാന്ധി സർവകലാശാലയുടെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ – സംബന്ധിച്ച്**

ചങ്ങനാശേരി അസംപ്ഷൻ കോളേജിലെ ബിരുദാനന്തര ബിരുദ കമ്പ്യൂട്ടർ സയൻസ് വിഭാഗത്തെ മഹാത്മാഗാന്ധി സർവകലാശാലയുടെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കുന്നതിനായി നൽകിയ അപേക്ഷ പരിഗണിച്ച് ടി കേന്ദ്രം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ശ്രീ. ഹരികൃഷ്ണൻ പി. (സിൻഡിക്കേറ്റ് അംഗം), Dr. Rajimol A, Marian College, Kuttikanam (വിഷയ വിദഗ്ധൻ) എന്നിവരടങ്ങിയ പരിശോധനാ സമിതിയെ നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 79/26.04/20257/AC A6-3/2026** **വളയൻചിറങ്ങര ശ്രീ ശങ്കര വിദ്യാപീഠം കോളേജിലെ ബിരുദാനന്തര ബിരുദ കെമിസ്ട്രി വിഭാഗത്തെ മഹാത്മാഗാന്ധി സർവകലാശാലയുടെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ – സംബന്ധിച്ച്**

വളയൻചിറങ്ങര ശ്രീ ശങ്കര വിദ്യാപീഠം കോളേജിലെ ബിരുദാനന്തര ബിരുദ കെമിസ്ട്രി വിഭാഗത്തെ മഹാത്മാഗാന്ധി സർവകലാശാലയുടെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കുന്നതിനായി നൽകിയ അപേക്ഷ പരിഗണിച്ച് ടി കേന്ദ്രം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡോ. എ എസ് സുമേഷ് (സിൻഡിക്കേറ്റ് അംഗം), Dr. Harinarayanan G, DB College Thalayolaprambu (വിഷയ വിദഗ്ധൻ) എന്നിവരടങ്ങിയ പരിശോധനാ സമിതിയെ നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 80/26.04/1839/AC A6-1/2026** **തലയോലപ്പറമ്പ്, ദേവസ്വം ബോർഡ് കോളേജിലെ മലയാളം വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr.Renu അതേ കോളേജിലെ തന്നെ മലയാളം വിഭാഗം ഗവേഷണ കേന്ദ്രത്തിൽ മലയാളത്തിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്**

തലയോലപ്പറമ്പ്, ദേവസ്വം ബോർഡ് കോളേജിലെ മലയാളം വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr.Renu-ന് ഇതേ കോളേജിലെ തന്നെ മലയാളം വിഭാഗം ഗവേഷണ കേന്ദ്രത്തിൽ മലയാളത്തിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 81/26.04/43748/AC A11-1/2023**

**പി എച്ച് ഡി പ്രോഗ്രാം - 2021 അഡ്മിഷൻ പ്രകാരം, ഫിസിക്സ് വിഷയത്തിൽ പൂർണ്ണ സമയരീതിയിൽ ഗവേഷണം നടത്തുന്ന - Renju Miriam Cheriyan ന് - നിലവിലെ ഗവേഷണ മാർഗദർശ്ശിയായ Dr.Smijesh N - നെ മാറ്റി , മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ, School of Pure and Applied Physics ൽ, അസ്സോസിയേറ്റ് പ്രൊഫസറായ Dr.Jayachandran K P യെ ഗവേഷണ മാർഗദർശ്ശിയായി നിയമിക്കുന്നത് സംബന്ധിച്ച് :-**

School of Pure and Applied Physics ഗവേഷണ കേന്ദ്രമായി ഫിസിക്സ് വിഷയത്തിൽ Dr. Smijesh N-ന്റെ മേൽനോട്ടത്തിൽ ഗവേഷണം നടത്തുന്ന Smt. Renju Miriam Cheriyan (2021 അഡ്മിഷൻ) -ന്റെ ഗവേഷണ മാർഗദർശിത്വം Dr. Jayachandran K.P., Associate Professor, School of Pure and Applied Physics-ലേക്ക് മാറ്റി അനുവദിച്ചുനൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 82/26.04/43512/AC A10-1/2023**

**പി.എച്ച്.ഡി. പ്രോഗ്രാം - കൊമേഴ്സ് - 2022 അഡ്മിഷൻ - Reshma Kunjumon - ഗവേഷണ മാർഗ്ഗദർശിയെ മാറ്റി ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ - സംബന്ധിച്ച്.**

പാമ്പാടി കെ ജി കോളേജ് കേന്ദ്രമായി കൊമേഴ്സ് വിഷയത്തിൽ Dr. P. S. Pradeep Kumar ന്റെ മേൽനോട്ടത്തിൽ ഗവേഷണം നടത്തുന്ന Reshma Kunjumon (രജി. നം. 06/2022) - ന്റെ ഗവേഷണ മാർ ഗദർശിത്വം, ഇതേ കോളേജിലെ തന്നെ കൊമേഴ്സ് വിഭാഗത്തിലെ Dr. Deepa Mathew -ലേക്ക് മാറ്റി അനുവദിച്ചു നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 83/26.04/29222/AC A6-1/2026**

**മൂവാറ്റുപുഴ, നിർമല കോളേജിലെ ബോട്ടണി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr.Geena George കോതമംഗലം, മാർ അത്തനേഷ്യസ് കോളേജിലെ ബോട്ടണി വിഭാഗം ഗവേഷണ കേന്ദ്രത്തിൽ ബോട്ടണിയിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്**

മൂവാറ്റുപുഴ, നിർമല കോളേജിലെ ബോട്ടണി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr.Geena George-ന് കോതമംഗലം, മാർ അത്തനേഷ്യസ് കോളേജിലെ ബോട്ടണി വിഭാഗം ഗവേഷണ കേന്ദ്രത്തിൽ ബോട്ടണിയിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 84/26.04/17506/AC A6-1/2025**

**കോട്ടയം, സി.എം.എസ് കോളേജിലെ കെമിസ്ട്രി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ ഡോ.ജിഷ ബാബു (Dr. Jisha Babu) അതേ കോളേജിലെ തന്നെ കെമിസ്ട്രി വിഭാഗം ഗവേഷണ കേന്ദ്രത്തിൽ കെമിസ്ട്രിയിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്**

കോട്ടയം, സി.എം.എസ് കോളേജിലെ കെമിസ്ട്രി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ ഡോ.ജിഷ ബാബു (Dr. Jisha Babu)-ന് ഇതേ കോളേജിലെ തന്നെ കെമിസ്ട്രി വിഭാഗം ഗവേഷണ കേന്ദ്രത്തിൽ കെമിസ്ട്രിയിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 85/26.04/16619/AC A6-1/2025**

**കോട്ടയം, സി.എം.എസ് കോളേജിലെ കെമിസ്ട്രി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ ഡോ. ജഗദീഷ് കെ (Dr. Jagadeesh K) അതേ കോളേജിലെ തന്നെ കെമിസ്ട്രി വിഭാഗം ഗവേഷണ കേന്ദ്രത്തിൽ കെമിസ്ട്രിയിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്**

കോട്ടയം, സി.എം.എസ് കോളേജിലെ കെമിസ്ട്രി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ ഡോ. ജഗദീഷ് കെ (Dr. Jagadeesh K)-ക്ക് ഇതേ കോളേജിലെ തന്നെ കെമിസ്ട്രി വിഭാഗം ഗവേഷണ കേന്ദ്രത്തിൽ കെമിസ്ട്രിയിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 86/26.04/41833/AC A6-1/2025** **പാലാ, സെന്റ് തോമസ് കോളേജിലെ ബോട്ടണി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ ഡോ. ആന്റോ മാത്യു (Dr. Anto Mathew) അതേ കോളേജിലെ തന്നെ ബോട്ടണി വിഭാഗം ഗവേഷണ കേന്ദ്രത്തിൽ ബോട്ടണിയിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്:-**

പാലാ, സെന്റ് തോമസ് കോളേജിലെ ബോട്ടണി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ ഡോ. ആന്റോ മാത്യു (Dr. Anto Mathew)-ന് ഇതേ കോളേജിലെ തന്നെ ബോട്ടണി വിഭാഗം ഗവേഷണ കേന്ദ്രത്തിൽ ബോട്ടണിയിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 87/26.04/62869/AC A6-1/2025** **ചങ്ങനാശ്ശേരി, എസ്.ബി കോളേജിലെ കെമിസ്ട്രി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ ഡോ.ബെൻസൺ ജോസഫ് (Dr. Benson Joseph) അതേ കോളേജിലെ തന്നെ കെമിസ്ട്രി വിഭാഗം ഗവേഷണ കേന്ദ്രത്തിൽ കെമിസ്ട്രിയിൽ മഹാത്മാഗാന്ധി സർവകലാശാല ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിക്കാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്**

ചങ്ങനാശ്ശേരി, എസ്.ബി കോളേജിലെ കെമിസ്ട്രി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ ഡോ.ബെൻസൺ ജോസഫ് (Dr. Benson Joseph)-ന് ഇതേ കോളേജിലെ തന്നെ കെമിസ്ട്രി വിഭാഗം ഗവേഷണ കേന്ദ്രത്തിൽ കെമിസ്ട്രിയിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 88/26.04/91234/AC A6-1/2025** **മാന്നാനം, കുര്യാക്കോസ് ഏലിയാസ് കോളേജിലെ കെമിസ്ട്രി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ ഡോ.ബോണി കെ ജോൺ (Dr. Bony K. John) അതേ കോളേജിലെ തന്നെ കെമിസ്ട്രി വിഭാഗം ഗവേഷണ കേന്ദ്രത്തിൽ കെമിസ്ട്രിയിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്**

മാന്നാനം, കുര്യാക്കോസ് ഏലിയാസ് കോളേജിലെ കെമിസ്ട്രി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ ഡോ.ബോണി കെ ജോൺ (Dr. Bony K. John)-ന് ഇതേ കോളേജിലെ തന്നെ കെമിസ്ട്രി വിഭാഗം ഗവേഷണ കേന്ദ്രത്തിൽ കെമിസ്ട്രിയിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 89/26.04/98398/AC A6-1/2025** **കോതമംഗലം, മാർ അത്തനേഷ്യസ് കോളേജിലെ ബോട്ടണി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr. Akhila Sen അതേ കോളേജിലെ തന്നെ ബോട്ടണി വിഭാഗം ഗവേഷണ കേന്ദ്രത്തിൽ ബോട്ടണിയിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്**

കോതമംഗലം, മാർ അത്തനേഷ്യസ് കോളേജിലെ ബോട്ടണി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr. Akhila Sen-ന് ഇതേ കോളേജിലെ തന്നെ ബോട്ടണി വിഭാഗം ഗവേഷണ കേന്ദ്രത്തിൽ ബോട്ടണിയിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 90/26.04/3006/AC A6-1/2025** **കൊച്ചി, ദി കൊച്ചിൻ കോളേജിലെ ഫിസിക്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr. Vijeesh P അതേ കോളേജിലെ തന്നെ ഫിസിക്സ് വിഭാഗം ഗവേഷണ കേന്ദ്രത്തിൽ ഫിസിക്സിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്**

കൊച്ചി, ദി കൊച്ചിൻ കോളേജിലെ ഫിസിക്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr. Vijeesh P-ക്ക് ഇതേ കോളേജിലെ തന്നെ ഫിസിക്സ് വിഭാഗം ഗവേഷണ കേന്ദ്രത്തിൽ ഫിസിക്സിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 91/26.04/109204/AC A6-1/2025** **കോഴഞ്ചേരി, സെൻറ് തോമസ് കോളേജിലെ ഫിസിക്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr.Jijoy P Mathew അതേ കോളേജിലെ തന്നെ ഫിസിക്സ് വിഭാഗം ഗവേഷണ കേന്ദ്രത്തിൽ ഫിസിക്സിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്**

കോഴഞ്ചേരി, സെൻറ് തോമസ് കോളേജിലെ ഫിസിക്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr.Jijoy P Mathew -ന് ഇതേ കോളേജിലെ തന്നെ ഫിസിക്സ് വിഭാഗം ഗവേഷണ കേന്ദ്രത്തിൽ ഫിസിക്സിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 92/26.04/31141/AC A2-3/2024** **സഹമാർഗ്ഗദർശിത്വം റദ്ദ് ചെയ്യുന്നതുമായി ബന്ധപ്പെട്ട അപേക്ഷകൾ പരിഗണിക്കുന്നതിന് ഫീസ് നിരക്ക് തീരുമാനിക്കുന്നത് സംബന്ധിച്ച്**

സഹമാർഗദർശിത്വം റദ്ദ് ചെയ്യുന്നതിനായി അപേക്ഷ സമർപ്പിക്കുന്ന ഗവേഷകരിൽ നിന്നും 1000/- രൂപ (ആയിരം രൂപ മാത്രം) ഫീസ് ഈടാക്കുന്നതിന്തീരുമാനിച്ചു.

**ഇനംനമ്പർ 93/26.04/14151/AC A13-3/2024** **A Arsha - 2014 അഡ്മിഷൻ ഗവേഷക - നിയമം വിഷയം - Government Law College, Ernakulam - തന്റെ പ്രബന്ധ സമർപ്പണത്തിനുണ്ടായ കാലതാമസം മാപ്പാക്കുന്നതിനും, പ്രബന്ധ സമർപ്പണത്തിനു ഗവേഷണ കാലാവധി നീട്ടി ലഭിക്കുന്നതിനുമായി സമർപ്പിച്ചിരിക്കുന്ന അപേക്ഷ സംബന്ധിച്ച്:-**

A. Arsha (2014 അഡ്മിഷൻ- ഗവേഷക), first grace time period-ലെ മൊത്തം ഫീസും മുൻകൂറായി അടച്ചത് പരിഗണിച്ച് ടിയാൾക്ക് സെക്കന്റ് ഗ്രേസ് ടൈം ഫീസ് ഒഴിവാക്കി നൽകി 2026 മെയ് 31 വരെ ഗവേഷണ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിനും ഇതിനുള്ളിൽ ഗവേഷണ പ്രബന്ധം സമർപ്പിക്കുന്നതിനുള്ള അനുമതി നൽകുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 94/26.04/4718/AC A6-1/2026** **ചങ്ങനാശ്ശേരി, എസ്.ബി കോളേജിലെ ഫിസിക്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr.Sijo Sebastian അതേ കോളേജിലെ തന്നെ ഫിസിക്സ് വിഭാഗം ഗവേഷണ കേന്ദ്രത്തിൽ ഫിസിക്സിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്**

ചങ്ങനാശ്ശേരി, എസ്.ബി കോളേജിലെ ഫിസിക്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr. Sijo Sebastian-ന് ഇതേ കോളേജിലെ തന്നെ ഫിസിക്സ് വിഭാഗം ഗവേഷണ കേന്ദ്രത്തിൽ ഫിസിക്സിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 95/26.04/5268/AC A6-1/2026** **ചങ്ങനാശ്ശേരി, എസ്.ബി കോളേജിലെ ഫിസിക്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr. Manuja M അതേ കോളേജിലെ തന്നെ ഫിസിക്സ് വിഭാഗം ഗവേഷണ കേന്ദ്രത്തിൽ ഫിസിക്സിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്**

ചങ്ങനാശ്ശേരി, എസ്.ബി കോളേജിലെ ഫിസിക്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr. Manuja M-ന് ഇതേ കോളേജിലെ തന്നെ ഫിസിക്സ് വിഭാഗം ഗവേഷണ കേന്ദ്രത്തിൽ ഫിസിക്സിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 96/26.04/11333/AC A6-3/2026** **പാലാ അൽഫോൻസാ കോളേജിലെ ബിരുദാനന്തര ബിരുദ ഇംഗ്ലീഷ് വിഭാഗത്തെ മഹാത്മാഗാന്ധി സർവകലാശാലയുടെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കാൻ നൽകിയിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്**

പാലാ അൽഫോൻസാ കോളേജിലെ ബിരുദാനന്തര ബിരുദ ഇംഗ്ലീഷ് വിഭാഗത്തെ മഹാത്മാഗാന്ധി സർവകലാശാലയുടെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കുന്നതിനായി നൽകിയ അപേക്ഷ പരിഗണിച്ച് ടി കേന്ദ്രം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡോ. എ എസ് സുമേഷ് (സിൻഡിക്കേറ്റ് അംഗം), Dr. Joji John Panicker, CMS College, Kottayam (വിഷയ വിദഗ്ധൻ) എന്നിവരടങ്ങിയ പരിശോധനാ സമിതിയെ നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 97/26.04/11207/AC A6-1/2026** **ചങ്ങനാശ്ശേരി, എസ്.ബി കോളേജിലെ മാനേജ്മെന്റ് സ്റ്റഡീസ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr. Binsai Sebastian അതേ കോളേജിലെ തന്നെ ബിസിനസ് അഡ്മിനിസ്ട്രേഷൻ വിഭാഗം ഗവേഷണ കേന്ദ്രത്തിൽ മാനേജ്മെന്റ് സ്റ്റഡീസിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്**

ചങ്ങനാശ്ശേരി, എസ്.ബി കോളേജിലെ മാനേജ്മെന്റ് സ്റ്റഡീസ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr. Binsai Sebastian -ന് ഇതേ കോളേജിലെ തന്നെ ബിസിനസ് അഡ്മിനിസ്ട്രേഷൻ വിഭാഗം ഗവേഷണ കേന്ദ്രത്തിൽ മാനേജ്മെന്റ് സ്റ്റഡീസിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 98/26.04/11318/AC A6-1/2025** **മാറമ്പള്ളി, എം.ഇ.എസ് കോളേജിലെ ഇലക്ട്രോണിക്സ് വിഭാഗം അസ്സോസിയേറ്റ് പ്രൊഫസറായ Dr.Shemi P.Mന്റെ Guideship അപേക്ഷ - 30.01.2026 തീയതിയിലെ സിൻഡിക്കേറ്റ് യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ചിരിക്കുന്ന പ്രസിദ്ധീകരണങ്ങളുടെ പകർപ്പ് സമർപ്പിക്കുന്നത് - സംബന്ധിച്ച്**

Dr.Shemi P.M സർവ്വീസിൽ നിന്നും വിരമിക്കുവാൻ മൂന്നു വർഷത്തിൽ താഴെ മാത്രമേ കാലഘട്ടമുള്ളു എന്നതിനാൽ യുജിസി റഗലേഷൻസ് അനുസരിച്ച് ഗൈഡ്ഷിപ്പ് നല്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ അപേക്ഷ നിരസിക്കുവാൻ തീരുമാനിച്ചു.

**ഇനംനമ്പർ 99/26.04/94341/AC A6-3/2025** **എടത്വ സെന്റ് അലോഷ്യസ് കോളേജിലെ മാത്തമാറ്റിക്സ് വിഭാഗത്തെ ഗവേഷണ കേന്ദ്രമായി മഹാത്മാഗാന്ധി സർവ്വകലാശാല അംഗീകരിക്കാൻ നൽകിയ അപേക്ഷ - സംബന്ധിച്ച്**

ഇനം പിൻവലിച്ചു.

**ഇനംനമ്പർ 100/26.04/9903/AC A6-3/2024** **റാന്നി സെന്റ് തോമസ് കോളേജിലെ ബിരുദാനന്തര ബിരുദ കെമിസ്ട്രി വിഭാഗത്തെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കാൻ നൽകിയിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്**

പരിശോധനാസമിതി സമർപ്പിച്ച റിപ്പോർട്ട് പരിഗണിച്ച് റാന്നി സെന്റ് തോമസ് കോളേജിലെ ബിരുദാനന്തര ബിരുദ കെമിസ്ട്രി വിഭാഗത്തെ മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കുന്നതിനും, ഇതേ കോളേജിലെ കെമിസ്ട്രി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr. Ansu Jacob-നെ ഈ കേന്ദ്രത്തിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിക്കുന്നതിനും, ഇതേ വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസറും നിലവിൽ മൂലമറ്റം, സെന്റ് ജോസഫ്സ് കോളേജിലെ കെമിസ്ട്രി വിഭാഗം ഗവേഷണ കേന്ദ്രത്തിലെ റിസർച്ച് ഗൈഡും ആയ Dr. Mathew Kuruvilla-യുടെ ഗവേഷണ മാർഗദർശിത്വം റാന്നി, സെന്റ് തോമസ് കോളേജിലെ പ്രസ്തുത ഗവേഷണകേന്ദ്രത്തിലേക്ക് മാറ്റി നൽകുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 101/26.04/40523/AC A6-3/2025** **അമലഗിരി ബി.കെ കോളേജ് ഫോർ വിമൻ-ലെ ബിരുദാനന്തര ബിരുദ ഇംഗ്ലീഷ് (Self Financing) വിഭാഗത്തെ മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കുവാനുള്ള അപേക്ഷ - ഇൻസ്പെക്ഷൻ കമ്മീഷൻ റിപ്പോർട്ട് - സംബന്ധിച്ച്**

പരിശോധനാസമിതി സമർപ്പിച്ച റിപ്പോർട്ട് പരിഗണിച്ച് അമലഗിരി, ബി.കെ കോളേജ് ഫോർ വിമൻ-ലെ ബിരുദാനന്തര ബിരുദ ഇംഗ്ലീഷ് (Self Financing) വിഭാഗത്തെ മഹാത്മാഗാന്ധി സർവകലാശാലയുടെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കുന്നതിനും, ഇതേ കോളേജിലെ തന്നെ ഇംഗ്ലീഷ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർമാരായ Dr. Manju Jacob, Dr. Maria George എന്നിവരെ ഈ കേന്ദ്രത്തിൽ റിസർച്ച് ഗൈഡായി അംഗീകരിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 102/26.04/17411/AC A6-3/2026** **കളമശ്ശേരി സെന്റ് പോൾസ് കോളേജിലെ ബിരുദാനന്തര ബിരുദ ഇംഗ്ലീഷ് (SelfFinancing) വിഭാഗത്തെ മഹാത്മാഗാന്ധി സർവകലാശാലയുടെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കുവാൻ നൽകിയ അപേക്ഷ -സംബന്ധിച്ച്**

കളമശ്ശേരി സെന്റ് പോൾസ് കോളേജിലെ ഇംഗ്ലീഷ് വിഭാഗത്തെ മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഗവേഷണകേന്ദ്രമായി അംഗീകരിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടി കേന്ദ്രം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഡോ. ബിബിൻ കുര്യാക്കോസ് (സിൻഡിക്കേറ്റംഗം), ഡോ. ജെറിൻ ബി സെബാസ്റ്റ്യൻ, എസ് ബി കോളേജ്, ചങ്ങനാശ്ശേരി എന്നിവരടങ്ങിയ പരിശോധനാ സമിതിയെ നിയോഗിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 103/26.04/86270/AC A6-3/2025** **കോട്ടയം KSCSTE-Institute for Climate Change Studies-നെ മഹാത്മാ ഗാന്ധി സർവകലാശാലയുടെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കാൻ നല്കിയിരിക്കുന്ന അപേക്ഷ ഇൻസ്പെക്ഷൻ കമ്മീഷൻ റിപ്പോർട്ട് - സംബന്ധിച്ച് .**

കോട്ടയം KSCSTE- Institute for Climate Change Studies-നെ മഹാത്മാഗാന്ധി സർവകലാശാലയുടെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കുന്നതിനും, ഇതേ സ്ഥാപനത്തിലെ തന്നെ സീനിയർ സയന്റിസ്റ്റ് Dr. C.C. Bajish (Scientist E1), ജൂനിയർ സയന്റിസ്റ്റ് Dr. Sinan Nizar (Scientist B), ജൂനിയർ സയന്റിസ്റ്റ് Dr. Aiswarya K.P (Scientist B) എന്നിവരെ ഈ കേന്ദ്രത്തിൽ റിസർച്ച് ഗൈഡായി അംഗീകരിക്കുന്നതിനും ശുപാർശ ചെയ്യുന്നു.

**ഇനംനമ്പർ 104/26.04/24153/AC A5-3/2026** **സർവകലാശാലയിൽ നൂതന തൊഴിൽ അധിഷ്ഠിത പ്രോഗ്രാമുകൾ രൂപകൽപന ചെയ്ത് ആരംഭിക്കുന്നത്, ഓഫ് ഷോർ/ ഓഫ് ക്യാമ്പസ് സെന്ററുകൾ തുടങ്ങുന്നത് എന്നിവ സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് -സംബന്ധിച്ച്.**

പ്രസ്തുത വിഷയം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. സെനോ ജോസ്, ഡോ. റോബിനറ്റ് ജേക്കബ്, അഡ്വ. പി ബി സതീഷ് കുമാർ എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 105/26.04/15040/AC A9-2/2026** **National Commission for Allied and Healthcare Professions പുറപ്പെടുവിച്ച വിവിധ പ്രോഗ്രാമുകളുടെ കരിക്കുലം, ബോർഡ് ഓഫ് സ്റ്റഡീസ് എന്നിവയുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത്-സംബന്ധിച്ച്.**

സർവ്വകലാശാലയുടെ കീഴിൽ നടക്കുന്ന യുജി പിജി പ്രോഗ്രാമുകൾ Clinical Nutrition and Dietetics എന്നതായതിനാലും NCAHP അംഗീകരിച്ച പട്ടികയിൽ പ്രസ്തുത പ്രോഗ്രാം ഉൾപ്പെട്ടിട്ടില്ലാത്തതിനാലും വിദഗ്ധസമിതി (ഹോം സയൻസ്) ശുപാർശകൾ പരിഗണിക്കേണ്ടതില്ലെന്നും സർവ്വകലാശാലയുടെ യുജി പ്രോഗ്രാമുകൾ NCAHP യുടെ അംഗീകാരം നേടേണ്ടതില്ലെന്നും തീരുമാനിച്ചു.

**ഇനംനമ്പർ 106/26.04/25421/AC A1-2/2026** **പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് സമാനമായ വിദ്യാഭ്യാസ അനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള ഒ.ഇ.സി (എസ്.സി) വിഭാഗങ്ങളുടെ പട്ടികയിൽ മൺപാത്ര നിർമാണ സമുദായങ്ങൾ ആയ "കലാല " "കലാല നായർ" വിഭാഗങ്ങളെ കൂടി ഉൾപെടുത്തികൊണ്ട് പിന്നോക്ക വിഭാഗ വികസന (ബി ) വകുപ്പ് , സ.ഉ (കൈ)നം. 8/2026/BCDD തീയതി 15-03-2026 ഉത്തരവ് സർവ്വകലാശാലയിൽ നടപ്പിൽ വരുത്തന്നത് - സംബന്ധിച്ച് :**

കേരള സർക്കാരിന്റെ പിന്നോക്ക വിഭാഗ വികസന (ബി ) വകുപ്പ്, സ.ഉ (കൈ) നം. 8/2026 /BCDD തീയതി 15-03-2026 ഉത്തരവ് സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 107/26.04/27309/AD A3-4/2026** **ഭിന്നശേഷിക്കാരായ വ്യക്തികൾ (PwBD) സർക്കാർ ജോലികൾക്കും സർക്കാർ/എയ്ഡഡ് - ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള അഡ്മിഷനും അപേക്ഷിക്കുന്നതിനായി പരിഷ്കരിച്ച മാർഗനിർദേശങ്ങളും സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജറും (SOP) നിർദേശിച്ചുകൊണ്ട് സർക്കുലർ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.**

ഭിന്നശേഷിക്കാരായ വ്യക്തികൾ (PwBD) സർക്കാർ ജോലികൾക്കും സർക്കാർ/എയ്ഡഡ് - ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള അഡ്മിഷനും അപേക്ഷിക്കുന്നതിനായി പരിഷ്കരിച്ച മാർഗനിർദേശങ്ങളും സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജറും (SOP) നിർദേശിച്ചുകൊണ്ടുള്ള സർക്കാർ സർക്കുലർ (സർക്കുലർ നമ്പർ.P-13013/95/2023-UDID/IT/STATISTICS, തീയതി 15.10.2025) സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 108/26.04/116361/AC A8-3/2025** **സർവകലാശാലയിലെ, Centre For Yoga and Naturopathy - യുടെ മുൻ ഡയറക്ടർ, ഡോ.ഹരിലക്ഷ്മീന്ദ്രകുമാർ (School of Gandhian Thought SGTDS ) ന് എതിരെയും, പ്രസ്തുത സെന്ററിന്റെ പ്രവർത്തന രീതികൾക്കെതിരെയും പൂർവവിദ്യാർഥിയായ ശ്രീ.ലിയാക്കത്ത് പി എ സമർപ്പിച്ച പരാതിയിന്മേൽ ഹിയറിങ്ങുകൾ നടത്തിയശേഷം, SGRC നൽകിയ ശിപാർശകൾ വൈസ് ചാൻസലറുടെ നിർദേശാനുസരണം സിൻഡിക്കേറ്റിലേക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച്**

പ്രസ്തുത വിഷയത്തിൽ ഉന്നതതല അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. സുജ ടി വി, അരുൺ കെ ശശീന്ദ്രൻ എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 109/26.04/21064/AC A4-1/2025** **KMEA College of Architecture, Kuzhivelippady, Aluva - B.Arch 2021 അഡ്മിഷൻ ബാച്ച് വിദ്യാർത്ഥിനിയായ Risna T N (PRN:213241910398) റീ - അഡ്മിഷൻ, കോളേജ് ട്രാൻസ്ഫർ എന്നിവ സർവ്വകലാശാലയിൽ നിന്നും ഉത്തരവാകുന്നതിന് മുൻപ് Asian School of Architecture and Design Innovations (ASADI) കോളേജിൽ ജോയിൻ ചെയ്യുകയും , ആറാം സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷകൾ അറ്റൻഡ് ചെയ്യുകയും ചെയ്ത വിഷയത്തിന്മേൽ അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് - സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് - സംബന്ധിച്ച്.**

സർവകലാശാല ഉത്തരവ് നമ്പർ 738/AC A4/2026/MGU തീയതി 20.01.2026 പ്രകാരം നിയമിതമായ അന്വേഷണകമ്മീഷൻ റിപ്പോർട്ട് അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 110/26.04/15810/CBCSS 25-1/2026** **Sree Sabareesa College, Murukumvayal- രണ്ടാം സെമസ്റ്റർ MGU-UGP (Honours)- BBA (hons.)/BCA (Hons.), B.com (Hons)പ്രോഗ്രാം കോഴ്സ് രജിസ്ട്രേഷൻ യഥാസമയം പൂർത്തീകരിക്കുന്നതിൽ വീഴ്ച വരുത്തിയതിനെ തുടർന്ന് പോർട്ടൽ റീ ഓപ്പൺ ചെയ്തു നൽകുന്നതിനായി അടക്കേണ്ട പിഴ തുക ഒഴിവാക്കി ലഭിക്കുന്നതിനായി കോളേജ് പ്രിൻസിപ്പൽ സമർപ്പിച്ച അപേക്ഷ - സംബന്ധിച്ച്.**

Sree Sabareesa College, Murukumvayal- രണ്ടാം സെമസ്റ്റർ MGU-UGP (Honours)- BCA (Hons.), BA (Hons.) B.Com (Hons.) പ്രോഗ്രാം കോഴ്സ് രജിസ്ട്രേഷൻ യഥാസമയം പൂർത്തീകരിക്കുന്നതിൽ വീഴ്ച വരുത്തിയതിനെ തുടർന്ന് പോർട്ടൽ റീ ഓപ്പൺ ചെയ്തു നൽകുന്നതിനായി അടക്കേണ്ട പിഴ തുക ഒഴിവാക്കി ലഭിക്കുന്നതിനായി കോളേജ് പ്രിൻസിപ്പൽ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് പിഴത്തുക 12,000/- (പന്തീരായിരം രൂപ മാത്രം) രൂപയായി കുറവുവരുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 111/26.04/11510/CBCSS 23-2/2026** **കാതോലിക്കേറ്റ് കോളേജ്, പത്തനംതിട്ട - രണ്ടാം സെമസ്റ്റർ MGU-UGP- Physics Hons. പ്രോഗ്രാം കോഴ്സ് വെരിഫിക്കേഷൻ പ്രിൻസിപ്പൽ പാനലിൽ നിന്നും യഥാസമയം പൂർത്തീകരിക്കുന്നതിൽ വീഴ്ച വരുത്തിയതിനെ തുടർന്ന് പോർട്ടൽ റീഓപ്പൺ ചെയ്തു നൽകുന്നതിനായി അടയ്ക്കേണ്ട പിഴ തുക ഇളവ് ചെയ്തു ലഭിക്കുന്നതിനായി കോളേജ് പ്രിൻസിപ്പൽ സമർപ്പിച്ച അപേക്ഷ -സംബന്ധിച്ച്.**

കാതോലിക്കേറ്റ് കോളേജ്, പത്തനംതിട്ട - രണ്ടാം സെമസ്റ്റർ MGU-UGP- Physics Hons. പ്രോഗ്രാം കോഴ്സ് വെരിഫിക്കേഷൻ പ്രിൻസിപ്പൽ പാനലിൽ നിന്നും യഥാസമയം പൂർത്തീകരിക്കുന്നതിൽ വീഴ്ച വരുത്തിയതിനെ തുടർന്ന് പോർട്ടൽ റീഓപ്പൺ ചെയ്തു നൽകുന്നതിനായി അടയ്ക്കേണ്ട പിഴ തുക ഇളവ് ചെയ്തു ലഭിക്കുന്നതിനായി കോളേജ് പ്രിൻസിപ്പൽ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് പിഴത്തുക 3,000/- (മൂവായിരം രൂപ മാത്രം) രൂപയായി കുറവുവരുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 112/26.04/11206/CBCSS 1-3/2026** **CBCS FIFTH semester Special Reappearance January 2026 പരീക്ഷയുടെ ഫീസ് നിശ്ചിത സമയത്തിനുള്ളിൽ അടക്കാതിരുന്നതിനാൽ ഫൈനോടുകൂടി അടച്ച പരീക്ഷ ഫീസിൽ ഫൈൻ തുകയായ 66785/- രൂപ റീ ഫണ്ട് ചെയ്യണം എന്ന് ആവശ്യപ്പെട്ട് കൊച്ചി MES കോളേജിൽ നിന്ന് സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നത് - സംബന്ധിച്ച്.**

CBCS FIFTH semester Special Reappearance January 2026 പരീക്ഷയുടെ ഫീസ് നിശ്ചിത സമയത്തിനുള്ളിൽ അടക്കാതിരുന്നതിനാൽ ഫൈനോടുകൂടി അടച്ച പരീക്ഷ ഫീസിൽ ഫൈൻ തുകയായ 66785/- രൂപ റീ ഫണ്ട് ചെയ്യണം എന്ന് ആവശ്യപ്പെട്ട് കൊച്ചി MES കോളേജിൽ നിന്ന് സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ഫൈൻ തുക 25,000/- (ഇരുപത്തയ്യായിരം രൂപ മാത്രം) രൂപയായി നിജപ്പെടുത്തി ബാക്കി തുക റീ ഫണ്ട് ചെയ്യുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 113/26.04/13724/EI 37-2/2026/CE SECT 1** **CO-OPERATIVE SCHOOL OF LAW, THODUPUZHA -യിലെ FIVE YEAR INTEGRATED B.Com, LL.B (Hons.) DEGREE PROGRAMME വിദ്യാർത്ഥിയായ SANDRA RAJEEV (PRN: 213241410232) -ന്റെ VIII Semester Examination -September 2025 -ന്റെ FL-28:Compulsory Clinical Paper 2- Professional Ethics & Conveyancing എന്ന പ്രാക്ടിക്കൽ പേപ്പർ -ന്റെ തെറ്റായി രേഖപ്പെടുത്തിയ ഇന്റേണൽ മാർക്ക് തിരുത്തി നൽകുന്ന വിഷയം പരിഗണിക്കുന്നത് സംബന്ധിച്ച്**

മേൽ വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഡോ. ജോജി അലക്സ് (സിൻഡിക്കേറ്റ് അംഗം)-നെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 114/26.04/67727/CBCSS 25-1/202** **VYSHNAV VISWANATH - MG24101B2283 - B. COM - SAHODARAN AYYAPPAN SMARAKA SNDP YOGAM COLLEGE KONNI- SECOND SEMESTER MGU-UGP(HONOURS) REGULAR EXAMINATION APRIL 2025 പരീക്ഷയിൽ MG2DSCBST100 -Business and Sustainable Development എന്ന വിഷയത്തിന്റെ ഉത്തരക്കടലാസ് നഷ്ടപ്പെട്ടത്- .സംബന്ധിച്ച് .**

